# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മേപ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി4-802/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 26/10/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മേപ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി4-802/2021 തീയ്യതി: 26/10/2021

## വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-09-2021 മുതൽ 01-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി കെ ഉണ്ണി | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2021 | 01-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-09-2021 | 01-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷാജു തോമസ് , ഓഡിറ്റ് ഓഫീസർ
നവാസ് കെ എം, അസി.ഓഡിറ്റ് ഓഫീസർ

ഡേവിഡ് കെ വി, അസി.ഓഡിറ്റ് ഓഫീസർ
റ്റിജി വർഗ്ഗീസ് ഓഡിറ്റർ
വിപിൻ ചന്ദ്രൻ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ കെ സഹദ് | പ്രസിഡന്റ് | 01-04-2020 | 21-12-2020 |
| ഓമന സുരേഷ് | പ്രസിഡന്റ് | 22-12-2020 | 31-03-2021 |
| ജോണി ടി ഡി | സെക്രട്ടറി | 01-04-2020 | 31-05-2021 |
| വർക്കി പി എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2020 | 17-06-2020 |
| രമേഷ് കെ എൻ | സെക്രട്ടറി | 18-06-2020 | 26-02-2021 |
| സലീം പാഷ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-02-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശാലിനി പി എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജയരാജ് കെ | വെറ്റിനറി സർജൻ | 01-04-2020 | 14-02-2021 |
| ഡോ.അനിൽ ബി | വെറ്റിനറി സർജൻ | 15-02-2021 | 31-03-2021 |
| ഡോ.സയീദ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.ഷാഹിദ് പി പി | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ.ആരിഫ വി പി | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ആഷിക്ക് ബാബു സി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| വിനോദ് വി എൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 05-11-2020 |
| മുഹമ്മദ് ബഷീർ കെ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 06-11-2020 | 31-03-2021 |
| ഗീത എൻ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ലിസി ജോസഫ് | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീകണ്ഠൻ | അസി .എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| വർക്കി പി എൽ | അസി. സെക്രട്ടറി | 01-04-2020 | 17-07-2020 |
| സലീം പാഷ | അസി. സെക്രട്ടറി | 18-07-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2 |
| 3 | ധനകാര്യ പത്രിക പൂർണ്ണമല്ല<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-1 |
| 4 | ട്രയൽ ബാലൻസ് ക്ലോസിംഗ് ബാലൻസ്ഷീറ്റ് സ്റ്റേറ്റമെന്റ്,ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-2 |
| 5 | തുക പിൻവലിക്കൽ-രേഖകൾ ലഭ്യമല്ല<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-3 |
| 6 | രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-4 |
| 7 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-5 |
| 8 | വായ്പ - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-2-6 |
| 9 | പൊതു അപാകതകൾ<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-2-7 |
| 10 | എൻ.ആർ.ജി.എ-ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്- ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Indu K Nair (Senior Grade Auditor, On 10-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-2-8 |
| 11 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-3 |
| 12 | ഗ്രാന്റ് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 22-10-2021) | 1-4 |
| 13 | പദ്ധതി അവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-5 |
| 14 | അഭ്യന്തര നിയന്ത്രണം<br>Written By: K.M.Navaz (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-6 |
| 15 | ക്ഷേമ പദ്ധതികൾ<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-7 |
| 16 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-8 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-9 |
| 18 | രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Tiji Varghese (Auditor, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-10 |
| 19 | നിർവ്വഹണ ഉദ്യോഗസ്ഥൻ രസീതി ലീഫുകളിൽ ഗുണഭോക്താവിൽ നിന്നും പണം സ്വീകരിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Tiji Varghese (Auditor, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-11 |
| 20 | നിർവ്വഹണ ഉദ്യോഗസ്ഥൻ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത പണം | 1-12 |

| | | |
|---|---|---|
| | മുഴുവനായും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല:-<br>Written By: Tiji Varghese (Auditor, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | |
| 21 | സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-13 |
| 22 | വാടക കുടിശ്ശിക വർദ്ധിക്കുന്നു<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 26-10-2021) | 1-14 |
| 23 | മരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 26-10-2021) | 1-15 |
| 24 | പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-16 |
| 25 | ലൈഫ് പദ്ധതി ഫേസ് - വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-17 |
| 26 | ലൈഫ് പദ്ധതിയുടെ (ജനറൽ) രണ്ടാം ഘട്ട പ്രവർത്തനങ്ങൾ-പരാമർശം<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 1-18 |
| 27 | കരാർ ഒപ്പിടാൻ ,എസ്റ്റിമേറ്റിന് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചില്ല<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-19 |
| 28 | മരാമത്ത് പ്രവൃത്തി പൂർത്തീയാക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 26-10-2021) | 1-20 |
| 29 | മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-21 |
| 30 | ഒരു റോഡ് റിപ്പയറിനായി ഒരേ ചെയിനേജിൽ രണ്ടുപദ്ധതികൾ നടപ്പിലാക്കി<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-22 |
| 31 | സമയബന്ധിതമായി പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളുടെ എസ്റ്റ്മേറ്റ് പുതുക്കി നൽകുന്നു.<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-23 |
| 32 | പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-24 |
| 33 | EMD രജിസ്റ്റർ സൂക്ഷിക്കുന്നില്ല,<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-25 |
| 34 | അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം<br>Written By: Shaju Thomas (Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-26 |
| 35 | എം എൻ ആർ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകരന് അധിക തുക നൽകി.<br>Written By: David K.V (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-27 |
| 36 | എം എൻ ആർ ഇ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികൾ -മെറ്റീരിയൽ വിതരണം നടത്തിയ കരാറുകാരിൽ നിന്നും ജി.എസ് .ടി., ആദായ നികുതി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-28 |
| 37 | എം.എൻ.ആർ.ജി.എസ്. - മെറ്റീരിയൽ വർക്കുകൾക്കുകളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ | 1-29 |

| | | |
|---|---|---|
| | Written By: David K.V (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | |
| 38 | എം എൻ ആർ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികൾ -പ്രവൃത്തി പൂർത്തിയായതിന് ശേഷമുള്ള തീയതികളിലെ മസ്റ്റർ റോൾ പ്രകാരം ലേബർ വേജ് തുക അനുവദിച്ചു.<br>Written By: David K.V (Asst. Audit Officer, On 08-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-30 |
| 39 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം- അപാകതകൾ<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-31 |
| 40 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ജനറൽ<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-31-1 |
| 41 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം- പട്ടികജാതി<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-31-2 |
| 42 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം- പട്ടികവർഗ്ഗം<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-31-3 |
| 43 | ലോൺ തിരിച്ചടവ് -അപാകതകൾ<br>Written By: Indu K Nair (Senior Grade Auditor, On 09-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-32 |
| 44 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.<br>Written By: David K.V (Asst. Audit Officer, On 06-10-2021)<br>Last Updated By: Unni P.K (Deputy Director, On 23-10-2021) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 26-10-2021) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.M.Navaz (Asst. Audit Officer, On 07-10-2021)<br>Last Updated By: Unni P.K (Deputy Director, On 13-10-2021) | 4-9 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 20-21 വർഷത്തെ ബഡ്ജറ്റ്
23.02.2019 തീയതിയിലെ 01/19 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പുതുക്കിയ വിവരം ലഭിച്ചിട്ടില്ല

മുന്നിരിപ്പ്- 2100000

വരവ് – 418675549

ആകെ – 420775549

ചെലവ് – 416557849

നീക്കിയിരിപ്പ് – 4217700

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 23.07.2021 | --- | --- |

### 1-2-1 ധനകാര്യ പത്രിക പൂർണ്ണമല്ല

കേരള പഞ്ചായത്ത് രാജ് (അക്കണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രകയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപെടുത്തേണ്ടതുമാണ്. എന്നാൽ 15.06.2020 ന് അക്കൗണ്ടന്റ്/1/2020 നം. പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

### 1-2-2 ട്രയൽ ബാലൻസ് ക്ലോസിംഗ് ബാലൻസ്ഷീറ്റ് സ്റ്റേറ്റ്മെന്റ്,ഇൻകം & എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

(1)ട്രയൽ ബാലൻസിൽ ക്ലോസിംഗ് ബാലൻസായി ചേർത്തിട്ടുള്ള തുകകൾ ഇൻകം & എക്സ്പെൻറ്റീച്ചർ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഒരേ ഇനത്തിന് തന്നെ ഡെബിറ്റ് ബാലൻസും,ക്രെഡിറ്റ് ബാലൻസുമുണ്ട്.

(2)ട്രയൽ ബാലൻസിൽ ക്ലോസിംഗ് ബാലൻസായി ചേർത്തിട്ടുള്ള തുകകൾ ബാലൻസ് ഷീറ്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ഒരേ ഇനത്തിന് തന്നെ ഡെബിറ്റ് ബാലൻസും,ക്രെഡിറ്റ് ബാലൻസുമുണ്ട്.

### 1-2-3 തുക പിൻവലിക്കൽ-രേഖകൾ ലഭ്യമല്ല

A)തനത് ഫണ്ട് അക്കൗണ്ട് നമ്പർ (WDCB -014 ) ൽ നിന്ന് 14/08/2019 ന് 65,000/-രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക ഏത് ഇനത്തിനാണ് പിൻവലിച്ചത് എന്ന് വ്യക്തമല്ല.

B)സെൻട്രൽ ബാങ്ക് പ്ലാൻ അക്കൗണ്ടിൽ (2154175629 ) നിന്ന് 25/04/2017 ന് 912,285/- രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക ഏത് ഇനത്തിനാണ് പിൻവലിച്ചത് എന്ന് വ്യക്തമല്ല.

### 1-2-4 രജിസ്റ്ററുകൾ കാലികമാക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, സ്ഥിരനിക്ഷേപ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നീ ഇനത്തിൽ വരവ്, ചെലവ്, നീക്കിബാക്കി എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-2-5 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

A)റഗുലറൈസേഷൻ രജിസ്റ്റർ, ലേല രജിസ്റ്റർ, വാട്ടർ ചാർജ്ജ് കളക്ഷൻ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ അനുമതി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി പൂർത്തീകരിച്ചിട്ടില്ല.വിവിധ വരവിനങ്ങളിലെ കുടിശ്ശികയുടെ കൃത്യത പരിശോധിക്കുന്നതിന് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
B) ടെണ്ടർ ഫോറം വിൽപ്പന നടത്തിയ ഇനത്തിൽ ₹2,39,292/-രൂപ വരവുണ്ട്. എന്നാൽ ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-2-6 വായ്പ - വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

A)സമ്പൂർണ്ണ ഭവന പദ്ധതിയിൽ വാർഷിക കണക്കിലെ മുൻബാക്കി , തിരിച്ചടവ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| | മുൻബാക്കി | തിരിച്ചടവ് | നീക്കിബാക്കി |
|---|---|---|---|
| രജിസ്റ്റർ | 2,84,66,806 | 62,19,984 | 2,58,27,355 |
| വാർഷിക | 2,91,41,806 | 68,50,300 | 2,58,27,355 |

കണക്ക്

B)ലൈഫ് ഭവന പദ്ധതിക്ക് ലഭ്യമായ ഹഡ്കോ വായ്പക്ക് ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-2-7 പൊതു അപാകതകൾ

A)ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

B) B11(A) Schedule പ്രകാരം Capital Work In Progress എന്നയിനത്തിൽ ₹29,14,976/- നീക്കിയിരിപ്പുണ്ട്.ഇത് സംബന്ധിച്ച കാൽക്കുലേഷൻ ഷീറ്റ് പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

C)B9 Schedule ൽ Stale Cheque ഇനത്തിൽ ₹7,22,137/- രൂപ നൽകാനുള്ളതായി ബാധ്യത കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് യഥാർത്ഥ ബാദ്ധ്യത ആണോ എന്ന് വ്യക്തമല്ല.

D)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ലെ ബാധ്യതകൾക്ക് പ്രത്യേകം അക്കൗണ്ടും, അപ്രോപ്രിയോഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

1-2-8 എൻ.ആർ.ജി.എ-ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്- ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

എൻ.ആർ.ജി.എ അക്കൗണ്ടിന്റെ ക്യാഷ്ബുക്കും വാർഷിക കണക്കും പൊരുത്തപ്പെടാത്തതായിബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| 2020-21 | മുൻബാക്കി | ഭരണചെലവ് | ആകെ വരവ് | ആകെ ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| വാർഷിക കണക്ക് | 673961 (RP -40(A) | 2388465 (RP-31 ) | 56454346 (I-6) | 56706346 (I-14) | 769284 |
| ക്യാഷ് ബുക്ക് | 670048 | 1438526 | 58908156 | 58138872 | 769284 |

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/20 - 21/24.9.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| വിവരണം | തുക |
|---|---|
| മുന്നിരിപ്പ് | 68916266 |
| വരവ് | 272450742 |
| ആകെ | 341367008 |
| ചെലവ് | 304930736 |
| നീക്കിയിരിപ്പ് | 36436272 |

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 36170577 | 36170577 | 35532524 | 0 | 98.2 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9558383 | 9558383 | 7549271 | 0 | 78.9 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 9558383 | 9558383 | 6825675 | 0 | 79 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 20757000 | 20757000 | 16876863 | 0 | 81 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7769613 | 7769613 | 2143729 | 0 | 27 |
| ധനകാര്യ കമ്മീഷൻ | 0 | 38384224 | 38384224 | 21702097 | 0 | 56 |

| | | | | | | |
|---|---|---|---|---|---|---|
| പ്രഫോമൻസ് ഗ്രാന്റ് | | | | | | |
| ജനറൽ പർപസ് ഗ്രാന്റ് | 0 | 19567966 | 19567966 | 19567966 | 0 | 100 |
| ഭി ഫണ്ട് | 0 | 76188460 | 76188460 | 76188460 | 0 | 100 |
| തനത് ഫണ്ട് | 54681652 | 18388456 | 73070108 | 57806283 | 15263825 | 79 |

സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 330 | 328542987 | 174 | 165633313 | 69 | 87 | 52 |

1-6 അഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പരിശോധാനസമയത്ത് വിലയിരുത്തിയപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി. ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഫീസ് ഓർഡർ മുഖേന സെക്ഷനുകളുടെ ചുമതലകൾ ജീവനക്കാരെ ഏൽപ്പിച്ചിട്ടുണ്ടെങ്കിലും ഒരോ സെക്ഷനും നിർവഹിക്കേണ്ട ജോലികൾ സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.

ജംഗമ ആസ്തികളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ക്രമപ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, ഇ.എം.ഡി രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ ക്രമപ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ വരവുകൾ സംബന്ധിച്ച് പ്രതിമാസ വിശകലനം നടത്തുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ നിന്നുള്ള വടക വരവിനത്തിൽ വൻകുടിശ്ശിക ഉണ്ടായിട്ടുണ്ട്. കൃത്യമായി വാടക അടവാക്കാത്തവർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വാടക അടവാക്കുന്നതിൽ വീഴ്ച വരുത്തിയവർ തന്നെ നിലവിലും കെട്ടിട മുറികൾ കൈവശം വച്ചുവരുന്നു.

എം.എൻ.ആർ.ഇ.എ ഫയലുകൾ സൂക്ഷിപ്പ് കാര്യക്ഷമമല്ല. ഫയലുകൾ ക്രമപ്രകാരം സൂക്ഷിച്ചിട്ടില്ല. സൂപ്പർവൈസിംഗ് ഓഫീസർ ഫയലുകളോ ട്രാൻസാക്ഷനുകളോ പരിശോധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5346800 | 276 |
| വിധവാപെൻഷൻ | 42926300 | 2039 |
| വാർദ്ധക്യകാലപെൻഷൻ | 54221100 | 2733 |
| വികലാംഗപെൻഷൻ | 10254600 | 482 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 287100 | 13 |
| തൊഴിൽ രഹിത വേതനം | 5760 | 8 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ ₹59431/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.07.2019 | 2018-19 | 12.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | | |

1-10 രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2020-21 വാർഷിക ഓഡിറ്റിന്റെ ഭാഗമായുള്ള രസീതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.മാന്വൽ രസീതി ബുക്കുകൾ ക്രമനമ്പർ പ്രകാരമല്ല വിതരണം നടത്തിയത്:-

04/12/19 തിയ്യതിയിൽ ക്രമനമ്പർ 60276 മുതൽ 60315 വരെയുള്ള രസീതി ബുക്കുകൾ വയനാട് ഡി ഡി പി ഓഫീസിൽ നിന്നും പഞ്ചായത്തിൽ ലഭിച്ചു. ഇവ 05/12/19 തിയ്യതി മുതൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും ക്ലാർക്കുമാർക്കുമായി വിതരണം നടത്തി. എന്നാൽ രസീതി ബുക്കുകൾ ക്രമപ്രകാരമല്ല വിതരണം നടത്തിയത്.ആദ്യ നംമ്പറുകളായ 60276, 60277, 60278, 60301 എന്നിവ ഏറ്റവും അവസാനമാണ് വിതരണം നടത്തിയത്(11/12/20).

2.രസീതി ബുക്കിൽ സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല:-

കെ ടി സി വോല്യം I ആർട്ടിക്കിൾ 92(B) കുറിപ്പ് 2 പ്രകാരം ഓരോ രസീതി ബുക്കും ലഭ്യമായ ഉടൻ സൂക്ഷ്മമായി പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മാന്വൽ രസീതി ബുക്കുകളിൽ മിക്കവയിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

27631, 27632, 27633,27634, 27643, 27636,27638, 27639,27640, 27642, 27645, 27646, 27650, 60279, 60283, 60293, 33420,

3. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഇഷ്യൂ ചെയ്യുന്ന രസീതി ബുക്കുകൾ ഉപയോഗശേഷം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഇവയിൽ ഉപയോഗിക്കാത്ത രസീതി ബുക്കുകളും ഉൾപ്പെടുന്നു:-

നിർവ്വഹണ ഉദ്യോഗസ്ഥരായ സീനിയർ വെറ്ററിനറി സർജ്ജൻ, കൃഷി ഓഫീസർ, അസി. എൻജിനീയർ എന്നിവർക്ക് ഇഷ്യൂ ചെയ്ത രസീതി ബുക്കുകൾ പഞ്ചായത്തിൽ തിരികെ വാങ്ങി സൂക്ഷിച്ചിട്ടില്ല. അസി. എൻജിനീയറുടെ പേരിൽ 17/10/19 തിയ്യതിയിൽ ഇഷ്യൂ ചെയ്ത 33421 നം.രസീതി ബുക്ക് ഉപയോഗിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടുണ്ട്.

4. രസീതി ലീഫുകളിൽ തിയ്യതി രേഖപ്പെടുത്താതെ ഗുണഭോക്താവിന് നൽകി:-

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ 60293 -ാം നം.രസീതി ബുക്ക് ഉപയോഗിച്ച് രസീതി ലീഫ് നം. 2 മുതൽ 14 വരെയായി 5,00,000/- രൂപ പിരിച്ചെടുത്ത് 24/01/2020 തിയ്യതിയിൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്(രസീതി നം.119040105060). എന്നാൽ രസീതി ലീഫുകളിൽ പണം സ്വീകരിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവിൽ നിന്ന് പണം സ്വീകരിച്ച തിയ്യതി രേഖപ്പെടുത്താത്ത, രസീതി ലീഫുകൾ മുഖേന പിരിച്ചെടുത്ത 5,00,000/-രൂപ പഞ്ചായത്ത് ഫണ്ടിൽ 24/01/2020 തിയ്യതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അടവാക്കിയപ്പോൾ 2011ലെ കേരളപഞ്ചായത്തീരാജ് അകൗണ്ട്സ് ചട്ടങ്ങൾ ചട്ടം 23 പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

5. ഉപയോഗ ശേഷം ബാക്കിയുള്ള രസീതി ലീഫുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല:-

ഉദാ. രസീതി ബുക്ക് നം.33419, 60294.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/20-21/30.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-11 നിർവ്വഹണ ഉദ്യോഗസ്ഥൻ രസീതി ലീഫുകളിൽ ഗുണഭോക്താവിൽ നിന്നും പണം സ്വീകരിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ 60293 -ാം നം.രസീതി ബുക്ക് ഉപയോഗിച്ച് രസീതി ലീഫ് നം. 2 മുതൽ 14 വരെയായി 5,00,000/- രൂപ പിരിച്ചെടുത്ത് 24/01/2020 തിയ്യതിയിൽ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി(രസീതി നം.119040105060). എന്നാൽ രസീതി ലീഫുകളിൽ പണം സ്വീകരിച്ച തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഗുണഭോക്താവിൽ നിന്ന് പണം സ്വീകരിച്ച തിയ്യതി രേഖപ്പെടുത്താത്ത, രസീതി ലീഫുകൾ മുഖേന 5,00,000/-രൂപ പിരിച്ചെടുത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-12 നിർവ്വഹണ ഉദ്യോഗസ്ഥൻ രസീതി ഉപയോഗിച്ച് പിരിച്ചെടുത്ത പണം മുഴവനായും പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല:-

നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എൻജിനീയർക്ക് ഇഷ്യൂചെയ്ത 33420 നം.രസീതി ബുക്കിന്റെ 73-ാം നം.ലീഫ് ഉപയോഗിച്ച് എൽദോ വർഗ്ഗീസ് എന്നയാളിൽ നിന്ന് 961/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 761/- രൂപ മാത്രമേ (രസീതി നം.120040104978 Dtd.25/02/2021) പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളൂ. അടവാക്കാൻ ബാക്കിയുള്ള തുക അടവാക്കി അറിയിക്കേണ്ടതാണ്.

1-13 സുരക്ഷിത നിക്ഷേപം ഇനത്തിൽ കരാറുകാരിൽ നിന്നും ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ

നിക്ഷേപിച്ചിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 27.08.2010 -ലെ സർക്കുലർ നമ്പർ 80/10/ധനം പ്രകാരം നിരതദ്രവ്യം, സുരക്ഷിത നിക്ഷേപം എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി. സെക്രട്ടറി 2020-21 വർഷത്തിൽ നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (എസ്.സി) എന്ന പ്രോജക്ട് പ്രകാരം (നം. എസ്.0196/21) 09.08.2018 നടത്തിയ ടെണ്ടറിന്റെ ഭാഗമായി കരാറുകരിൽ നിന്നും നിരതദ്രവ്യം ഇനത്തിൽ ലഭിച്ച താഴെ പറയുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

| ക്രമ നമ്പർ | കരാറുകാരൻ/സ്ഥാപനം | ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ, തീയതി | തുക |
|---|---|---|---|
| 1 | പ്രശാന്ത് | 630356/10.08.2018 (എസ്.ബി.ഐ) | ₹2500/- |
| 2 | കലവറ കൽപ്പറ്റ | 750042/18.08.2018 (ആന്ധ്ര ബാങ്ക്) | ₹2500/- |
| ആകെ തുക | | | ₹5000/- |

2011 - ലെ പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളിലെ, ചട്ടം 20 പ്രകാരവും നിർവ്വഹണ ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന ഏതൊരു തുകയും യഥാസമയം ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിനു വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കാതെ ഫയലിൽ സൂക്ഷിച്ചത് ക്രമവിരുദ്ധമാണ്.

ഓഡിറ്റ് എൻക്വയറി നം. 11/2020-21/ 28.09.2021 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 വാടക കുടിശ്ശിക വർദ്ധിക്കുന്നു

2020-21 ൽ വാടക കുടിശ്ശികയിനത്തിൽ ചുവടെ കൊടുക്കുന്ന തരത്തിൽ ഡിമാന്റ്,കളക്ഷൻ,ബാലൻസ് ഉണ്ട്.

| | |
|---|---|
| ഡിമാന്റ് | 3486747<br>(B15 ഷെഡ്യൂൾ - 2019-20 വാർഷിക കണക്ക്)<br>(തൻവർഷം=14,03,218<br>കുടിശ്ശിക = 20,83,529 ) |
| കളക്ഷൻ | 1091956 (RP-43 2020-21 AFS) |
| ബാലൻസ് | 2354791 (B-15 2020-21 AFS) |

കുടിശ്ശിക ഡിമാന്റ് , കളക്ഷൻ,ബാലൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. കുടിശ്ശിക കളക്ഷൻ ഏത് കാലയളവിലുള്ളതാണെന്ന് വ്യക്തമല്ല.

2020 -21 ൽ ലഭിക്കാനവശേഷിക്കുന്ന വാടകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | റൂം നമ്പർ | പ്രതിമാസ വാടക | അടയ്ക്കാനവശേഷിക്കുന്ന തവണകൾ | ആകെ കുടിശ്ശിക |
|---|---|---|---|---|
| നൗഫൽ | 6/258 | 3440 | 9 | 30960 |
| സെക്രട്ടറി കുന്നമ്പറ്റ | 6/272 | 332 | 2 | 664 |
| അബ്ദുൾ നാസർ | 6/273 | 12636 | 12 | 151632 |
| അബ്ദുൾ നാസർ | 6/274 | 6787 | 12 | 81444 |
| ജംഹർ | 6/280 | 11403 | 11 | 125433 |
| ജംഹർ | 6/281 | 11403 | 12 | 136836 |
| ജംഹർ | 6/289 | 4200 | 12 | 50400 |
| അബ്ദുൾ നാസർ P.K | 6/276 | 4034 | 12 | 48408 |
| അഷറഫ് | 6/291 | 4231 | 12 | 50772 |
| റഷീദ് P.T | 6/292 | 4527 | 12 | 54324 |
| അലവി | 6/296 | 4733 | 12 | 56796 |
| ഉണ്ണികൃഷ്ണൻ | 6/300 | 1955 | 12 | 23460 |
| ഉണ്ണികൃഷ്ണൻ | 4/302 | 1266 | 12 | 15192 |
| വർഗ്ഗീസ് | 6/301 | 1702 | 12 | 20424 |
| അസ്മ | 6/81 | 6834 | ഒരു വർഷത്തേക്ക് ആകെ വാടക ₹82008. തൻവർഷം 14000 രൂപ ഒടുക്കി | 68008 |
| അക്ഷയ | 7/617 | 1596 | ഒരു വർഷത്തേക്ക് ആകെ വാടക ₹19240. തൻവർഷം ₹15423 രൂപ ഒടുക്കി | 3729 |
| | | | .ആകെ | 918482 |

മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന വാടക്കാർക്ക് നോട്ടീസ് അയച്ചതിന്റെ വിശദാംശങ്ങളും വാടക ഈടാക്കിയതിന്റെ വിശദാംശങ്ങളും ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ വാടകയിനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 918482 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.തുക തൽക്കാലികമായി തടസ്സത്തിൽ വെക്കുന്നു.

## 1-15 മരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നുമാണ് വ്യവസ്ഥ. എന്നാൽ നോട്ടീസ് കൈപ്പറ്റി സമയപരിധി കഴിഞ്ഞ് കരാർ ഒപ്പിട്ട കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം/അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | 'ടെണ്ടർ ഭരണസമിതി അംഗീകരിച്ച തിയതി | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന അവസാനതിയതി | കരാർ ഒപ്പിട്ട തിയതി/ എഗ്രിമെന്റ് | ഈടാക്കേണ്ടിയിരുന്ന പിഴ 1% | അവസാന ബിൽ / ചെക്ക് നമ്പർ |
|---|---|---|---|---|---|---|
| 312/21 (46/20) മുണ്ടകൈ സ്കൂൾ ക്ലാസ്റൂം നിർമ്മാണം 11,49,000 | സനോജ് കെ.പി. 945711.54 | 23-9-2019 | 13-10-2019 | 27-2-2020 | 9457 | 43/20-21 5,99,288 |
| 193/21എളമ്പിലേരി റോഡ് കോൺക്രീറ്റ് പൂർത്തീകരണം 4,00,000 | സനോജ് കെ.പി. 3,98,728 | 22-1-2019 | 3-2-2019 | 9-3-2019/AE/LSGD/MEP/18-19/90 | 3987 | 11/20-21 21-4-20 തുക 4,00,000 |
| 250/21 കുഴിവയൽ ലിങ്ക് റോഡ് റീടാറിംഗ് 6,50,000 | സുനിൽകുമാർ ഒ ബി 5,75,260.30 | 9-10-2019 | 23-10-2019 | 11-3-20 AE/LSGD/MEP/18-19/55 | 5753 | 30/20-21 20-5-2020തുക 634529 |
| 343/21 ചൂരൽമല അത്തിച്ചുവട് റോഡ് സൈഡ് സംരക്ഷണം 3,00,000 | സുനിൽകുമാർ ഒ ബി 298922 | 28-10-2019 | 12-11-2019 | 11-3-2020 57/AE/LSGD/MEP/18-19 | 2989 | 36/20-21 24-7-20 298922 |
| 258/21കുന്നമംഗലംകുന്ന് റോഡ് റിപ്പയർ സെക്കന്റ് റീച്ച് 4,50,000 | സനോജ് കെ പി 449904 | 22-1-2019 | 6-2-2019 | 8-3-2019 AE/LSGD/MEP/18-19/83 | 4499 | |
| 321/21ഏഴാംചിറ തോണിക്കടവ് റോഡ് ടാറിംഗ് 8,00,000 | സുനിൽകുമാർ ഒ ബി 724572.75 | 9-10-2019 | 28-10-2019 | 11-3-2020 AE/LSGD/MEP/56/19-20 | 7246 | 40/20-21 13-8-2020 6,55,986 |
| (260/20)ചോലമല കുമാരൻ വീട് മുതൽ പള്ളിവരെ റോഡ് കോൺക്രീറ്റ് 4,00,000 | സനോജ് കെ.പി.399439.93 | 11-12-2019 | 26-12-2019 | 19-2-2020 AE/LSGD/MEP/19-20/46 | 3994 | |
| ആകെ | | | | | 37925 | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ്. യഥാസമയം കരാർ ഒപ്പിടാതിരുന്ന മേൽ പരാമർശിച്ചിരിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. തുക താൽക്കാലികമായി തടസ്സത്തിൽ വെക്കുന്നു.

## 1-16 പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് കുറവ് വരുത്തിയില്ല

പ്രവൃത്തി പൂർത്തിയാക്കി 2020-21ൽ അവസാന ബിൽ തുക നൽകിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാറുകാർ ക്വാട്ട് ചെയ്ത ടെണ്ടർ നിരക്ക് കുറവ് വരുത്താതെ കരാറുകാർക്ക് അധിക തുക നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നം/ അടങ്കൽ | കരാറുകാരൻ, ടെണ്ടർ നിരക്ക് | എം ബുക്ക് നമ്പർ, | ടെണ്ടർ നിരക്കുപ്രകാരം ബില്ലിൽ നിന്നും | അവസാന ബിൽ / |
|---|---|---|---|---|

| | | ആകെ പ്രവൃത്തി മൂല്യം | കുറവുവരുത്തേണ്ടിയിരുന്ന തുക | ചെക്ക് നമ്പർ |
|---|---|---|---|---|
| (276/20)മേപ്പാടി ലൈബ്രറിഹാൾ ഇലക്ട്രിഫിക്കേഷൻ, 1,00,000 | എം ആർ സുരേന്ദ്രൻ 0.5% കുറവ് | 39/19-20 86013.50 | 430 | 38/20-21 /13-8-2020തുക 99,776 |
| (276/20) LSGD ഓഫീസ് നവീകരണം 3,00,000 | എം ആർ സുരേന്ദ്രൻ 0.5% കുറവ് | 45/19-20 83043.19 | 415 | 41/20-21 /13-8-2020 തുക 96330 |
| (282/20)പാറക്കം വയൽറോഡ് കോൺക്രീറ്റ് 3,00,000 | ജോർജ് കെ വി 0.5% കുറവ് | 31/19-20 278051 | 1390 | 18/20-21 / 14-5-2020 തുക 2,00,000 |
| 150/21 ചെമ്പോത്തറ വീട്ടിമറ്റം റോഡ്രൈനേജ് 4,00,000 | എൽദോ വർഗീസ് 0.06% കുറവ് | 8/20-21 360866 | 217 | 48/20-21 / 9-12-2020 തുക 4,00,000 |
| ആകെ | | | 2452രൂപ | |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാർക്ക് അധികം നൽകിയ തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈഫ് പദ്ധതി ഫേസ് - വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

താഴെ പറയുന്ന ലൈഫ് Phase1 ഗുണഭോക്താക്കൾ നിലവിലും വീട് പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവ്, വാർഡ് നം | മുൻ ഭവന നിർമ്മാണം വർഷം | ലൈഫ് എസ്റ്റിമേറ്റ് | ലൈഫിൽ ഇതു വരെ നൽകിയ തുക |
|---|---|---|---|---|
| 1 | അഷറഫ് പി കെ, 11 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 370000 | 50000 |
| 2 | റസിയ, 10 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 370000 | 75000 |
| 3 | രാമൻകുട്ടി, 10 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 280000 | 50000 |
| 4 | സഫിയ, 4 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 330000 | 325000 |
| 5 | ജയ, 10 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 120000 | 50000 |
| 6 | സഫിയ അബ്ദുൾ സലീം, 11 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 370000 | 50000 |
| 7 | സൈനബ, ,14 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 310000 | 40000 |
| 8 | സമീറ, 8 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 330000 | 100000 |
| 9 | ഉണ്ണീൻ, 14 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 330000 | 170000 |
| 10 | മാധവൻ, 10 | ഇ.എം.എസ് ഭവന പദ്ധതി 2010-11 | 306666 | 300000 |
| 11 | മീനാക്ഷി, 4 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 370000 | 325000 |
| 12 | രത്നമ്മ, 16 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 330000 | 0 |
| 13 | റംലത്ത്, 11 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 370000 | 100000 |
| 14 | ഇബ്രാഹിം, 11 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 370000 | 50000 |
| 15 | അലി, 10 | ഇ.എം.എസ് ഭവന പദ്ധതി 2011-12 | 330000 | 300000 |
| 16 | സുനീറ, 14 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 293333 | 270000 |
| 17 | ഉഷാകുമാരി, 4 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 360000 | 50000 |
| 18 | റഷീദ സലിം, 12 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 293333 | 260000 |
| 19 | അന്നമ്മ, | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 293333 | 230000 |
| 20 | സുഹാദ ഹനീഫ, 18 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 40000 | 20000 |
| 21 | സുനിത, 12 | സമ്പൂർണ്ണ ഭവന പദ്ധതി 2014-15 | 240000 | 180000 |
| 22 | സുബൈദ, 15 | ജനറൽ ഭവനം 2013-14 | 360000 | 330000 |
| 23 | ശാരദ, | ജനറൽ ഭവനം | 293333 | 260000 |

| | | | | |
|---|---|---|---|---|
| | | 2013-14 | | |
| 24 | ആമിന, 7 | ജനറൽ ഭവനം<br>2013-14 | 293333 | 240000 |
| 25 | നദീറ, 14 | ജനറൽ ഭവനം<br>2015-16 | 293333 | 270000 |
| 26 | ചെല്ല, 11 | ജനറൽ ഭവനം<br>2015-16 | 320000 | 225000 |
| 27 | ജമീല, 9 | ജനറൽ ഭവനം<br>2015-16 | 373333 | 345000 |
| 28 | റഫീന, 8 | ജനറൽ ഭവനം<br>2015-16 | 240000 | 200000 |
| 29 | ഫസീല, 15 | ജനറൽ ഭവനം<br>2015-16 | 293333 | 285000 |
| 30 | ശാന്ത,21 | എസ് സി ഭവനം | 40000 | 20000 |
| 31 | ഉഷ,8 | എസ് സി ഭവനം | 40000 | 20000 |
| 32 | രജ്ഞിത, 15 | എസ് സി ഭവനം | 373000 | 280000 |
| 33 | ധന്യ, 19 | എസ് സി ഭവനം | 280000 | 265000 |
| 34 | സാവിത്രി, 11 | എസ് സി ഭവനം | 360000 | 100000 |
| 35 | ബിന്ധു, 20 | എസ് സി ഭവനം | 40000 | 20000 |
| 36 | രാജേശ്വരി, 12 | എസ് സി ഭവനം | 240000 | 80000 |
| 37 | ശോഭ, 12 | എസ് സി ഭവനം | 213333 | 190000 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ടു പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്. വീട്ടു പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 ലൈഫ് പദ്ധതിയുടെ (ജനറൽ) രണ്ടാം ഘട്ട പ്രവർത്തനങ്ങൾ-പരാമർശം

ലൈഫ് പദ്ധതിയുടെ (ജനറൽ) രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

| കരാർ വെച്ചവർ | പണി പൂർത്തിയാക്കിയവർ | പൂർത്തിയാക്കാൻ ബാക്കിയുള്ളവർ |
|---|---|---|
| 382 | 241 | 141 |

ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ സ.ഉ.(കൈ)നം 34/2018, ത.സ്വ.ഭ.വ , തിയതി 16.3.2018 അനുസരിച്ച് കരാറിലേർപ്പെട്ട് 6 മാസത്തിനകം ഭവന നിർമാണം പൂർത്തിയാക്കണമെന്നും, ടി ഭവനം 12 വർഷത്തേക്ക് കൈമാറ്റം ചെയ്യരുത് എന്നും വ്യവസ്ഥയുണ്ട്. ഇക്കാര്യം മാതൃകാ കരാറിലെ 4, 5 വ്യവസ്ഥകളായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. കരാർ വ്യവസ്ഥ 7 പ്രകാരം വീട്ടു പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും 12% പലിശ സഹിതം ധനസഹായ തുക തിരികെ ഈടാക്കേണ്ടതാണ്. വീട്ടു പണി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

പരിശോധിച്ച ഫയലുകളിൽ അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1. ലൈഫ് രജിസ്റ്ററിൽ ബിൽ നമ്പർ, ചെക്ക് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. പല ഫയലുകളിലും പൂർത്തീകരണ സാക്ഷ്യ പത്രം വെക്കുന്നില്ല.

2. ഒരു ഗുണഭോക്താവിന്റെയും അവസാന ഗഡുവിന്റെ ബാങ്കിൽ നിന്നുള്ള Credited എന്ന സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

3, ഒരു ഗുണഭോക്താവിന്റെയും വരുമാന സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-19 കരാർ ഒപ്പിടാൻ ,എസ്റ്റിമേറ്റിന് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചില്ല

31-3-2018 ൽ പ്രാബല്യത്തിൽ വന്ന 2018 കേരള ഫിനാൻസ് ആക്ട് പ്രകാരം മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് തയാറാക്കുന്ന കരാറുകൾക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ആനുപാതികമായി ഓരോ ആയിരം രൂപക്കും ഒരു രൂപാ നിരക്കിൽ ഏറ്റവും കുറഞ്ഞത് 200രൂപയുടെയും ,പരമാവധി 1,00,000 രൂപയുടെയും മുദ്രപ്പേപ്പർ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും, താഴെച്ചേർക്കുന്ന

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് തയാറാക്കിയ കരാറുകൾക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ആനുപാതികമായ മൂല്യമുള്ള മുദ്രപ്പേപ്പർ ഉപയോഗിച്ചിട്ടില്ല.

| പ്രൊജക്റ്റ് നം/ അടങ്കൽ | കരാറുകാരൻ | എഗ്രിമെൻറ് /തിയതി | കരാർഒപ്പിടാൻ ഉപയോഗിക്കേണ്ടിയിരുന്ന മുദ്രപ്പേപ്പറിന്റെ മൂല്യം | കരാർ ഒപ്പിടാൻ ഉപയോഗിച്ച മുദ്രപ്പേപ്പന്റെ മൂല്യം | കുറവുള്ള മുദ്രപ്പേപ്പറിന്റെ മൂല്യം |
|---|---|---|---|---|---|
| 197/21 കുന്നമംഗലംകുന്ന് റോഡ് റിപ്പയർ 3,00,000 | സിനോ എം പി 2,99,276 | AE/LSGD/MEP/18-19/77 ,8-3-2019 | 300 | 200 | 100 |
| 214/21 ചൂരൽമലപടവെട്ടിക്കുന്ന്റോഡ് കോൺക്രീറ്റ് 4,00,000 | സുരേഷ് കെ ഡി 399200 | AE/LSGD/MEP/18-19/33 ,14-12-2018S | 400 | 200 | 200 |
| 301/21 പഞ്ചായത്ത് ഓഫീസ് സൗന്ദര്യവത്ക്കരണം 6,00,000 | സനോജ് കെ പി | 86/AE/LSGD/MEP/18-19 ,8-3-2019 | 600 | 200 | 400 |
| ആകെ കുറവ് | | | | | 700 |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ്. കുറവ് വന്ന തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ച മൂലം സംസ്ഥാന സർക്കാരിന് കിട്ടേണ്ട തുക മുൻവർഷവും നഷ്ടപ്പെട്ടതായി കാണുന്നുണ്ട്. ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്

## <u>1-20 മരാമത്ത് പ്രവൃത്തി പൂർത്തീയാക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല</u>

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം അപേക്ഷ നൽകിയ കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ അവസാന ബിൽതുക നൽകിയതായി കാണുന്നു. .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം/ അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക് (PAC) | എഗ്രിമെന്റ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എംബുക്ക് പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാനെടുത്ത കാല താമസം | ഈടാക്കേണ്ടിയിരുന്ന പിഴ | അവസാന ബിൽ / ചെക്ക് ന |
|---|---|---|---|---|---|---|---|
| 193/21 എളമ്പിലേരി റോഡ് കോൺക്രീറ്റ് പൂർത്തീക | സനോജ് കെ പി 398728 | AE/LSGD/MEP/18-19/ 90 9-3-2019 | 9-9-2019 | 29/1/2020 | 4മാസം 20ദിവസം | 11962 (3% ,1+2) | 11/20-21 21.42.020 തുക 4,00,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| രണം 4,00,000 | | | | | | | |
| 194/21 കള്ളാടി അംഗൻവാടി റിപ്പയർ 1,50,000 | കെ.ടി ജോൺസൺ 1,50,000 | AE/LSGD/MEP/18-19 /60 14-2-2019 | 13-8-2019 | 27/12/2019 | 4മാസം 14 ദിവസം | 4500 (3% 1+2) | 6/20-21 21.4.2020 തുക 125659 |
| 252/21 അഞ്ചിൽപ്പടി റോഡ് റീടാറിംഗ് 6,00,000 | ബോസ് എൻ എസ് 5,99,860 | AE/LSGD/MEP/18-19/ 75 3-3-2019 | 2-9-2019 | 7/3/2020 | 6മാസം 4 ദിവസം | 17996 (3% 1+2+2) | 31/20-21 20.5.2020 6,00,000 |
| ആകെ | | | | | | 34458 | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2019 ലുണ്ടായ ശക്തമായ മഴയിലും പ്രകൃതിക്ഷോപത്തിലും പ്രവൃത്തി പൂർത്തിയാക്കാൻ തടസം നേരിട്ടുവെന്നാണ്.ഈ മറുപടി അംഗീകരിക്കാൻ കഴിയില്ല. മഴയും പ്രകൃതിക്ഷോപവും വരുന്നതിനുമുമ്പ് പ്രവൃത്തി പൂർത്തിയാക്കാൻ മതിയായ സമയമുണ്ടായിട്ടും സമയത്തിന് പ്രവൃത്തി പൂർത്തിയാക്കാത്തത് കരാറുകാരുടെ വീഴ്ച തന്നെയാണ്.

അതിനാൽ പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരമുള്ള പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.തുക താൽക്കാലികമായി തടസ്സത്തിൽ വെക്കുന്നു.

## 1-21 മരാമത്ത് പ്രവൃത്തി ബില്ലുകളിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല

ചരക്ക് സേവന നികുതി ഉൾപ്പെടെ 2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികളുടെ അവസാന ബിൽ തയാറാക്കിയപ്പോൾ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തിയെങ്കിലും ,കരാറുകാരന് തുക നൽകിയപ്പോൾ ബില്ലിൽ നിന്നും 2 ശതമാനം ചരക്ക് സേവന നികുതി കുറവ് വരുത്തി ഈ തുക ബന്ധപ്പെട്ട കരാറുകാരുടെ പേരിൽ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കേണ്ടതിനുപകരം ഈ തുക കൂടി കരാറുകാരന് നൽകിയതായി കാണുന്നു. ഇത്തരത്തിലുള്ള എതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| പ്രൊജക്റ്റ് നം/അടങ്കൽ | കരാറുകാരൻ | എം ബുക്ക് നമ്പർ/ പ്രവൃത്തി മൂല്യം | ബില്ലിൽ ഉൾപ്പെടുത്തി കരാറുകാരന് നൽകിയ 12 % GST തുക | ബിൽനമ്പർ / തിയതി / തുക |
|---|---|---|---|---|
| 212/21 രാമന്റെ വീടുമുതൽ മുഹമ്മദ്കുട്ടി വീട് വരെ 2,00,000 | ലിബിൻ ജോൺ | 43/20-21 181855.63 | 21822.67 | 19/20-21/4-5-2020 2,00,000 |
| 227/21 നീലിക്കാപ്പ് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ 1,00,000 | ജോർജ് കെ വി | 13/19-20 85718.05 | 10286.17 | 27/20-21 /14-5-2020 /30619 |
| (267/20)മേപ്പാടി ലൈബ്രറി ഹാൾ ഇലക്ട്രിഫിക്കേഷൻ 1,00,000 | എം ആർ സുരേന്ദ്രൻ | 39/19-20 /86013.5 | 10321.62 | 38/20-21 /13-8-20 /99776 |
| LSGD ഓഫീസ് നവീകരണം തുടർച്ച 3,00,000 | എം ആർ സുരേന്ദ്രൻ | 45/19-20 /83043.19 | 9965.18 | 41/20-21 /13-8-20 /96330 |
| ആകെ | | | 52396 | |

2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള മരാമത്ത് പ്രവൃത്തികളുടെ ബിൽ തുകയിൽ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൾപ്പെടുത്തി ,കരാറുകാരന് നൽകിയപ്പോൾ, 12 ശതമാനം ചരക്ക് സേവന നികുതി കരാറുകാരൻ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കുമെന്ന് ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് കത്തു നൽകിയിട്ടുണ്ടെന്നാണ്.. അതിനാൽ ചരക്ക് സേവന നികുതിയിനത്തിൽ കരാറുകാർക്ക് നൽകിയ 52396 രൂപയുടെ ചെലവ് ഓഡിറ്റുതടസ്സത്തിൽ വയ്ക്കുന്നു. അതുപോലെതന്നെ, 2020-21 സാമ്പത്തിക വർഷത്തിൽ അവസാന ബിൽ തുക നൽകിയ 2,50,000 രൂപയിൽ താഴെ എസ്റ്റിമേറ്റുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും പരിശോധിച്ച് , 12 ശതമാനം ചരക്ക് സേവന നികുതി കൈപ്പറ്റിയ കരാറുകാർ ,തുക ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കിയെന്ന് ഉറപ്പാക്കേണ്ടതും,തുക ഒടുക്കിയിട്ടില്ലായെങ്കിൽ കരാറുകാർക്ക് നൽകിയ 12 ചരക്ക് സേവന നികുതി തിരികെ ഈടാക്കി ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 ഒരു റോഡ് റിപ്പയറിനായി ഒരേ ചെയിനേജിൽ രണ്ടുപദ്ധതികൾ നടപ്പിലാക്കി

2018-19 ൽ അംഗീകാരം ലഭിച്ച 3,00,000 അടങ്കലിൽ 13-8-2018 ൽ ടെണ്ടർ ചെയ്ത പ്രോജക്റ്റ് നമ്പർ 279/19 (197/21) കുന്നമംഗലംകുന്ന് റോഡ് റിപ്പയർ എന്ന പദ്ധതിയും,4,50,000 രൂപ അടങ്കലുള്ള പ്രോജക്റ്റ് നമ്പർ 310/19 (258/21) കുന്നമംഗലംകുന്ന് റോഡ് റിപ്പയർ സെക്കൻറ് റീച്ച് എന്ന പദ്ധതിയും 2020-21 ലാണ് പൂർത്തിയാക്കിയിരിക്കുന്നത്. ഈ രണ്ടുപദ്ധതികളുടെയും ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ട സാമ്യങ്ങൾ താഴെ ചേർക്കുന്നു

1. ഈ രണ്ടുപദ്ധതികളുടെയും ഫയലുകളിൽ സൂക്ഷിച്ചിരിക്കുന്ന റോഡിന്റെ സ്കെച്ച് ഒന്നു തന്നെയാണ്

2 ആദ്യത്തെ പദ്ധതിയിൽ(279/19 (197/21) ) ചെയിനേജ് 0/00 മുതൽ 0/247 വരെ 242മീറ്റർ എന്ന് എസ്റ്റിമേറ്റിലും,എസ്റ്റിമേറ്റ് റിപ്പോർട്ടിലും,ഉൾപ്പെയടുത്തിയിട്ടുണ്ടെങ്കിലും,രണ്ടാമത്തെ പദ്ധതിയിൽ (310/19 (258/21))ചെയിനേജ് എത്രയെന്നോ,ആകെ ചെയ്യുന്ന ദൂരം എത്രയെന്നോ എസ്റ്റിമേറ്റിലും,എസ്റ്റിമേറ്റ് റിപ്പോർട്ടിലും, രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ എം ബുക്കിൽ (60/19-20) ചെയിനേജ് 0/120 മുതൽ 0/378 വരെയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം ഈ രണ്ടുപദ്ധതികളും നടപ്പിലാക്കിയിരിക്കുന്നത് ഭാഗികമായിട്ടാണെങ്കിലും ഒരേ ചെയിനേജിലാണ്.(0/120 മുതൽ 0/247 വരെ )

3. ഈ രണ്ടുപദ്ധതികളുടെയും എസ്റ്റിമേറ്റ് 2020-21 ൽ പുതുക്കിയിട്ടുണ്ട്.

ഈ രണ്ടുപദ്ധതികളും പൂർത്തിയാക്കിയതിന്റെ വിവരം ആസ്തിരജിസ്റ്ററിൽ ചേർത്തിട്ടില്ല.

4. ഈ രണ്ടുപദ്ധതികളിൽ ആദ്യത്തെ പദ്ധതിപ്രകാരമുള്ള റോഡിന്റെ തുടർച്ചയാണ് രണ്ടാമത്തെ പ്രവൃത്തിഎന്നു തെളിയിക്കുന്ന യാതോരു രേഖയും ഫയലിലില്ല.

5. ആദ്യത്തെ പദ്ധതിപ്രകാരമുള്ള റോഡിന്റെ തുടർച്ചയാണ് രണ്ടാമത്തെ പ്രവൃത്തിയെങ്കിൽ ,ഒറ്റപ്രവൃത്തിയായി നടപ്പിലാക്കാതെ എന്തുകൊണ്ട് രണ്ടുപദ്ധതിയായി നടപ്പിലാക്കിയെന്നും വ്യക്തമല്ല.

അപാകത സംബന്ധിച്ച് വിശദീകരണം അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/20-21) ലഭ്യമാക്കിയ മറുപടിയിൽ ഊട്ടി-കോഴിക്കോട് സംസ്ഥാന പാത ഉയർത്തിയതിനാൽ ഈ റോഡ് ചേരുന്ന ഭാഗം ഉയർന്നതിനാൽ റോഡ് ടാറിംഗിനുപകരം കോൺക്രീറ്റ് ചെയ്യുവെന്നും,ആകെ 67.5മീറ്റർ നീളത്തിൽ മാത്രമാണ് ആദ്യ പ്രവൃത്തി വഴി ടാർ ചെയ്തത് എന്നും ബാക്കി പ്രവൃത്തി ചെയ്തിരിക്കുന്നത് രണ്ടാമത്തെ പദ്ധതിയിലാണ് എന്നുമാണ്. 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയവയാണ് ഈ രണ്ടു പദ്ധതികളും. എന്നാൽ നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടിയിൽ പദ്ധതികൾ 2019-20 ൽ ഉൾപ്പെടുത്തിയവയെന്നാണ്. ആദ്യത്തെ പദ്ധതിയുടെ(279/19 (197/21) ) ടെണ്ടർ 13-8-2018 നും ,എസ്റ്റിമേറ്റ് പുതുക്കാനുള്ള തീരുമാനമെടുത്തിരിക്കുന്നത് 30-3-2019 ലുമാണ്. രണ്ടാമത്തെ പദ്ധതി ടെണ്ടർ ചെയ്തിരിക്കുന്നത് 19-1-2019 നാണ്. എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നതുമൂലമാണ് രണ്ടാമത്തെ പദ്ധതി നടപ്പിലാക്കിയത് എന്നുള്ള നിർവ്വഹണോദ്യോഗസ്ഥന്റെ വാദം തെറ്റാണ്.കാരണം ആദ്യത്തെ പദ്ധതി പുതുക്കാൻ തീരുമാനിക്കുന്നതിനു മുമ്പ് തന്നെ രണ്ടാമത്തെ പദ്ധതി തയറാക്കി,ടെണ്ടർ ചെയ്ത് കരാർ ഒപ്പിട്ടിരുന്നു. ആദ്യത്തെ പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നപ്പോൾ ,പദ്ധതിയാകെ പുതുക്കാതെ ആദ്യ എസ്റ്റിമേറ്റുപ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കാൻവേണ്ടി ഒരേ പേരിൽ രണ്ടാമത് മറ്റൊരു പദ്ധതി തയാറാക്കി എന്നുള്ളതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഊട്ടി-കോഴിക്കോട് സംസ്ഥാന പാത ഉയർത്തിയതിനാൽ ഈ റോഡ് ചേരുന്ന ഭാഗം ഉയർന്നതിനാലാണ് എസ്റ്റിമേറ്റ് പുതുക്കുന്നത് എന്നു വിശദമാക്കുന്ന തരത്തിലുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടുകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അതിനാൽ തന്നെ ഈപദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത് ഒരേ ചെയിനേജിലാണോയെന്നുള്ളതിൽ വ്യക്തത വരുത്തുന്നതിന് കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു .ഈ അപാകതകളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയും ക്ഷണിക്കുന്നു.

അതോടോപ്പംഈരണ്ടുപദ്ധതികൾക്കുമായി താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ചെലവഴിച്ച 717092 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ബിൽ നമ്പർ 13/20-21 / 28-4-2020 222915 രൂപ

ബിൽ നമ്പർ 124/20-21 /31-3-2021 63005രൂപ

വൗച്ചർ നമ്പർ 22000261/17-6-20 431172 രൂപ

## 1-23 സമയബന്ധിതമായി പൂർത്തിയാക്കാത്ത മരാമത്ത് പ്രവൃത്തികളുടെ എസ്റ്റ്മേറ്റ് പുതുക്കി നൽകുന്നു.

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ കരാറുകാരുമായി ഒപ്പിടുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ എഗ്രിമെന്റ്പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം പദ്ധതികളുടെ എസ്റ്റിമേറ്റ് , വ്യകതമായ കാരണങ്ങൾ രേഖപ്പെടുത്താതെയും, പുതുക്കിയ എസ്റ്റിമേറ്റ് റിപ്പേർട്ട് തയാറാക്കാതെയും , പുതുക്കി നൽകുന്നതായി കാണുന്നു. ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കുമ്പോൾ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പല ഐറ്റംസും പൂർണ്ണമായി ഒഴിവാക്കി പുതിയ ഐറ്റംസ് ഉൾപ്പെടുത്തുന്നതായിട്ടാണ് കാണുന്നത് .

2018-19 ൽ ടെണ്ടർ ചെയ്ത് എഗ്രിമെൻറുവച്ച് 31-3-2019 പൂർത്തിയാക്കേണ്ട 27 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കാൻ 30-3-2019 ലെ 1-1(4)/19 നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിർവ്വഹണോദ്യോഗസ്ഥന് അനുമതി നൽകിയത് . 30-3-2019 ലെ 1-1(4)/19 നമ്പർ ഭരണസമിതി തീരുമാനപ്രകാരം എസ്റ്റിമേറ്റ് പുതുക്കാൻ അനുമതി ലഭിച്ച 3 ലക്ഷം അടങ്കലുള്ള പ്രോജക്ട് നമ്പർ 279/19 (197/21) കുന്നമംഗലംകുന്ന് റോഡ് റിപ്പയർ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി വാങ്ങിയിരിക്കുന്നത് 27-2-021 ന് മാത്രമാണ്.13-8-2018 ൽ ടെണ്ടർ ചെയ്ത് 8-3-2018 ൽ എഗ്രിമെൻറുവച്ച ഈ പ്രവൃത്തി ഏകദേശം രണ്ടു വർഷത്തിനുശേഷം 18-2-2021 ൽ മാത്രമാണ് പൂർത്തിയാക്കിരിക്കുന്നത്. 30-3-2019 ലെ 1-1(4)/19 നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് പുതുക്കാൻ അനുമതി ലഭിച്ച 27 മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗത്തിന്റെയും എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി പൂർത്തിയാക്കാൻ ഒന്നും രണ്ടും വർഷങ്ങളെടുത്തതായിട്ടാണ് കാണുന്നത്. പ്രോജക്ട് നമ്പർ 191/21 ,193/21, 229/21, 252/21,258/21, എന്നിവ പ്രകാരമുള്ള പ്രവൃത്തികളെല്ലാം തന്നെ മേൽ പറഞ്ഞ തരത്തിലുള്ള എസ്റ്റിമേറ്റു പുതുക്കലിനും,പൂർത്തീകരണ താമസത്തിനുമുള്ള ഏതാനും ചില ഉദാഹരണങ്ങളാണ്.

ഇത്തരത്തിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ കൂട്ടത്തോടെ പുതുക്കേണ്ടിവരുന്നത് സൂചിപ്പിക്കുന്നത്.സ്ഥലം സന്ദർശിക്കാതെയും ,കൃത്യമായ പരിശോധനകൾ നടത്താതെയുമാണ് ഈ പദ്ധതികളുടെ ആദ്യ എസ്റ്റിമേറ്റ് തയാറാക്കിയിരിക്കുന്നതെന്നാണ്. എസ്റ്റിമേറ്റുകൾ പുതുക്കേണ്ടി വരുന്നത്, പദ്ധതി പൂർത്തീകരണം അനന്തമായി നീണ്ടുപോകുന്നതിനും, പദ്ധതി ലക്ഷ്യം കൈവരിക്കാതെ ജനങ്ങൾക്ക്

പ്രയോജനപ്പെടാതെ പോകുന്നതിനും, ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഗ്രാന്റുകൾ യഥാസമയം ചെലവഴിയ്ക്കാൻ കഴിയാതെ ലാപ്സാകുന്നതിനും കാരണമാകുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാൻ വേനൽക്കാലത്ത് മതിയായ സമയമുണ്ടായിട്ടും, പ്രവൃത്തി ചെയ്യാതെ , പിന്നീട് കാലവർഷത്തിന്റെ പേരുംപറഞ്ഞ് എസ്റ്റിമേറ്റ് പുതുക്കി നൽകുന്നത് കരാറുകാർക്ക് അനുകൂലമായ നടപടിയായിട്ടുമാത്രമെ കാണാൻ കഴിയൂ. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 പ്രവൃത്തി ഏറ്റെടുക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല

3,00,000 രൂപ അടങ്കലുള്ള (പ്രോ.നമ്പർ 70/20) കട്ടൂർ അമ്പലക്കുന്ന് റോഡ് പുനരുദ്ധാരണം എന്ന പദ്ധതി 24-10-2019 ടെണ്ടർ ചെയ്തപ്പോൾ ശ്രീ ബിപിൻ ജോർജ് എസ്റ്റിമേറ്റ് നിരക്കും ,ശ്രീ സുനിൽകുമാർ ഒ ബി എസ്റ്റിമേറ്റിലും 5% കൂടിയ നിരക്കും ക്വാട്ട് ചെയ്യുകയും,ഇതിൽ കുറഞ്ഞ നിരക്ക് നൽകിയ ശ്രീ ബിപിൻ ജോർജിന്റെ ടെണ്ടർ 28-10-2019 ലെ 2/2/19 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിച്ച് 30-10-2019 ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി. തുടർന്ന് 4-5-2020 ൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ഇതുവരെ കരാർ ഒപ്പിട്ടില്ലായെന്നും അതിനാൽ ടെണ്ടറിൽ പങ്കെടുത്ത അടുത്ത കരാറുകാരനായ ശ്രീ സുനിൽകുമാർ ഒ ബി യ്ക്ക് എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി നൽകുന്നതിന് പഞ്ചായത്ത് തീരുമാനത്തിനായി കത്തുനൽകുകയും ,6-5-2020 ലെ 1(8)/20 നമ്പർ തീരുമാനപ്രകാരം ശ്രീ സുനിൽകുമാർ ഒ ബി യ്ക്ക് പ്രവൃത്തി നൽകാനും ,പ്രവൃത്തി ഏറ്റെടുക്കുന്നതിന് വിസമ്മതിച്ച കരാറുകാരൻ ഈ പ്രവൃത്തിയ്ക്കായി കെട്ടിവച്ച നിരതദ്രവ്യം കണ്ടുകെട്ടാനും, കരാറുകാരനെതിരെ PWD മാന്വൽ പ്രകാരമുള്ള തുടർനടപടി സ്വീകരിയ്ക്കാനും നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തു.

ഭരണസമിതി നിർദ്ദേശപ്രകാരം പ്രവൃത്തി ഏറ്റെടുക്കാൻ വിസമ്മതിച്ച കരാറുകാരൻ ഈ പ്രവൃത്തിയ്ക്കായി കെട്ടിവച്ച നിരതദ്രവ്യം കണ്ടുകെട്ടുകയോ,കരാറുകാരനെതിരെ PWD മാന്വൽ പ്രകാരമുള്ള തുടർനടപടി സ്വീകരിയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും,സാമ്പത്തിക വർഷം കഴിഞ്ഞാൽ പദ്ധതികൾക്ക് പുതുക്കിയ അംഗീകാരം വാങ്ങണമെന്നിരിക്കെ പദ്ധതി റീടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/20-21) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് എൻക്വയറി ലഭിച്ച അന്നുതന്നെ EMD കണ്ടുകെട്ടാൻ നടപടി സ്വീകരിച്ചുവെന്നും, കരാറുകാരനെ ടെണ്ടറിൽ പങ്കെടുപ്പിക്കാറില്ലായെന്നുമാണ്

6-5-2020 ലെ 1(8)/20 നമ്പർ തീരുമാനപ്രകാരം പ്രവൃത്തി ഏറ്റെടുക്കുന്നതിന് വിസമ്മതിച്ച കരാറുകാരൻ ഈ പ്രവൃത്തിയ്ക്കായി കെട്ടിവച്ച നിരതദ്രവ്യം 7500രൂപ (ഈ തുക എപ്രകാരമാണ് കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥന് കൈമാറിയിരിക്കുന്നത് എന്ന് രജിസ്റ്ററുകളിലൊന്നും രേഖപ്പെടുത്തിയിട്ടില്ല)കണ്ടുകെട്ടാനും, കരാറുകാരനെതിരെ PWD മാന്വൽ പ്രകാരമുള്ള തുടർനടപടി സ്വീകരിയ്ക്കാനും നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തുവെങ്കിലും ഓഡിറ്റ് എൻക്വയറി നൽകിയ 30-9-2021 വരെയുള്ള ഏകദേശം ഒന്നരവർഷക്കാലം ഭരണസമിതി തീരുമാനം നടപ്പിലാക്കാതിരുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

. നിയമാനുസൃത സെലക്ഷൻ നോട്ടീസ് നൽകി 24 ദിവസത്തിനകം കരാർ ഒപ്പിടാതിരുന്നപ്പോൾ കരാറുകാരൻ ഈ പ്രവൃത്തിയ്ക്കായി കെട്ടിവച്ച നിരതദ്രവ്യം 7500രൂപ കണ്ടുകെട്ടാനും, കരാറുകാരനെ PWD മാന്വൽ പ്രകാരം ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും.പദ്ധതി റീടെണ്ടർ ചെയ്യാൻ തുടർനടപടി സ്വീകരിയ്ക്കുകയുമായിരുന്നു നിർവ്വഹണോദ്യോഗസ്ഥൻ ചെയ്യേണ്ടിയിരുന്നത്. നിയമാനുസൃതം സെലക്ഷൻ നോട്ടീസ് നൽകി 24 ദിവസത്തിനകം കരാർ ഒപ്പിടാതിരുന്നപ്പോഴും,സാമ്പത്തിക വർഷം കഴിഞ്ഞാൽ പദ്ധതികൾക്ക് പുതുക്കിയ അംഗീകാരം വാങ്ങണമെന്നിരിക്കെ പദ്ധതി റീടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കാതെ മുൻവർഷത്തെ ടെണ്ടറിൻറടിസ്ഥാനത്തിൽ, രണ്ടാമത്തെ കരാറുകാരനെ പദ്ധതി ഏൽപ്പിച്ചതും തെറ്റായ നടപടിയാണ്.

## 1-25 EMD രജിസ്റ്റർ സൂക്ഷിക്കുന്നില്ല,

5,00,000 രൂപ അടങ്കലുള്ള (പ്രോ.നമ്പർ 330/20) കോണാർക്കാട് പാലം നിർമ്മാണം എന്ന പദ്ധതി 23-3-2020 ൽ ടെണ്ടർ ചെയ്തപ്പോൾ ശ്രീ സനോജ് കെ പി, ശ്രീ ജോർജ് കെ വി എന്നീ രണ്ടു കരാറുകാരാണ് ടെണ്ടറിൽ പങ്കെടുത്തത്. ടെണ്ടറിൽ പങ്കെടുക്കുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 2.5ശതമാനമായ 12,500 രൂപ കെട്ടിവയ്ക്കുകയും തുക വരവുവന്നതിന്റെ വിവരം ഇനം തിരിച്ച് .EMD രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ശ്രീ സനോജ് കെ പി 12,500 രൂപ കെട്ടിവച്ചതായി ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീ ജോർജ് കെ വി 8,000 രൂപ മാത്രം കെട്ടിവച്ചതായിട്ടാണ് കാണുന്നത് (രസീതുനമ്പർ 33419/91/ 23-3-2020). അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിനു ലഭ്യമാക്കിയ മറുപടിയിൽ ബാക്കി 4500 രൂപ നിക്ഷേപമായി കിട്ടിയിട്ടുണ്ടെന്നാണ്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. EMD രജിസ്റ്റർ സൂക്ഷിക്കാത്തിനാലും.ടെണ്ടർ രജിസ്റ്ററിൽ നിരതദ്രവ്യം ഒടുക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാലും ,നിരതദ്രവ്യമായി ലഭിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-26 അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം

അസിസ്റ്റന്റ് എൻജിനിയറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും പരിശോധിച്ചപ്പോൾ അവയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും ലഭിക്കുന്ന EMD തുകകളുടെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും നിർവ്വഹണോദ്യോഗസ്ഥന് ലഭിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തേണ്ട EMD രജിസ്റ്റർ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പകരം EMD ആയി ലഭിക്കേണ്ട തുക ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും,രസീതു നമ്പർ,തിയതി തുടങ്ങിയവയൊന്നും രേഖപ്പെടുത്തുന്നില്ല. സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സെക്യൂരിറ്റിയായി ലഭിച്ചത് പണമായാണോ, നിക്ഷേപമായാണോ എന്നുള്ള വിവരങ്ങൾ ഒന്നും തന്നെ കൃത്യമായി

രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ,എല്ലാ കരാറുകാരിൽ നിന്നും വാങ്ങിയിട്ടാണോ ടെണ്ടറിൽ പങ്കെടുപ്പിച്ചിരിക്കുന്നത് എന്നും, പദ്ധതി ഏറ്റെടുത്ത കരാറുകാർ മതിയായ സെക്യൂരിറ്റി നിക്ഷേപം കെട്ടിവച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2 എഗ്രിമെൻറ് രജിസ്റ്ററിൽ ഓരോ പ്രവൃത്തിയും പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല.

3 ടെണ്ടർ ഭരണസമിതി അംഗീകരിച്ചാൽ 7 ദിവസത്തിനകം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകണമെന്നാണെങ്കിലും ,സമയപരിധിക്കുള്ളിൽ എല്ലാ കരാറുകാർക്കും സെലക്ഷൻ നോട്ടീസ് നൽകുന്നതായി കാണുന്നില്ല. ചിലർക്ക് രണ്ടും,മൂന്നും മാസങ്ങൾക്ക് ശേഷം നൽകുന്നതായും കാണുന്നുണ്ട്,അയക്കുന്ന നോട്ടീസിലാകട്ടെ അയച്ച തിയതി,കരാറുകാരൻ കൈപ്പറ്റിയ തിയതി എന്നിവയും രേഖപ്പെടുത്തുന്നില്ല

4. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പിടുന്ന കരാറിൽ ഭരണസമിതി തീരുമാനം,കരാർ തുക,പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തിയതി എന്നിവയൊന്നും തന്നെ ഉൾപ്പെടുത്തുന്നില്ല

5. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

6 പൂർത്തീകരണ സമയം നീട്ടിനൽകുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ ലഭിച്ച തിയതി രേഖപ്പെടുത്തുകയോ,സമയം നീട്ടിനൽകാൻ ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യുന്നില്ല.

7 ക്യാഷ് ബുക്കിൽ ട്രഷറിബിൽ നമ്പർ ,ചെക്ക് നമ്പർ എന്നിവ രേഖപ്പെയുത്തുന്നില്ല

8 ഫയലിൽ മുൻ പാർട്ട് ബില്ലുകളും,തൻവർഷ ബില്ലുകളും ട്രഷറിയിൽ നിന്നും പാസാക്കിയ തിയതി രേഖപ്പെടുത്തുന്നില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 എം എൻ ആർ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകരന് അധിക തുക നൽകി.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താളംകൊല്ലി - കുന്നവയൽ നടപ്പാത കോൺക്രീറ്റ് (വാർഡ് 17) എന്ന പ്രവൃത്തിയുടെ അളവ് പുസ്തകപ്രകാരം പ്രവൃത്തിക്ക് ഉപയോഗിച്ച മെറ്റീരിയലുകളുടെ ആകെ തുക ₹245971/- (MB No. 39/20-21). എന്നാൽ മെറ്റീരിയലുകളുടെ വിലയായി എഫ്.ടി.ഒ. 241647/30.11.2020 പ്രകാരം ₹249441/- കരാറുകരന് നൽകിയിട്ടുണ്ട്. അധികമായി 3470 രൂപ നൽകിയിട്ടുണ്ട്.

മെറ്റീരിയലുകൾ സപ്ലൈ ചെയ്ത കരാറുകാരനായ ശ്രീ. എൽദോ വർഗ്ഗീസിന് ,അധികം കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് 30.09.2021 -ലെ ഓഡിറ്റ് എൻക്വയറി നം. 19/2020-21 30.09.2021 - ന് മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-28 എം എൻ ആർ ഇ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികൾ -മെറ്റീരിയൽ വിതരണം നടത്തിയ കരാറുകാരിൽ നിന്നും ജി.എസ് .ടി., ആദായ നികുതി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കിയിട്ടില്ല.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ജി.എസ് .ടി., ആദായ നികുതി, ഫ്ലഡ് സെസ്സ് ഈടാക്കിയിട്ടില്ല .

| ക്രമ നം. | പ്രവൃത്തികളുടെ പേര് | വാർഡ് നമ്പർ | കരാറുകാരൻ | സാധന സാമഗ്രികൾക്ക് അനുവദിച്ച തുക | എഫ്. ടി. ഒ. നമ്പറും തീയതിയും |
|---|---|---|---|---|---|
| 1 | കൊഴക്കള്ളി റോഡ് കോൺക്രീറ്റ് | 1 | ബാബു സി. | 161848 | 18770/3.8.20 |
| 2 | കുന്നാരത്ത് നടപ്പാത കോൺക്രീറ്റ് | 1 | ബാബു സി. | 125674 | 19939/30.11.20 |
| 3 | ലത്തീൻപള്ളി റോഡ് കോൺക്രീറ്റ് | 1 | ബാബു സി. | 134338 | 376377/21.1.21 |
| 4 | മുണ്ടുപാറ സജി നടപ്പത നിർമ്മാണം | 1 | ബാബു സി. | 199017 | 376457/30.11.20 |
| 5 | ചേലരിക്കാവ് തേവിയിൽ നടപ്പാത | 2 | ബോസ് എൻ.സ് | 234532 | 241635/30.11.20 |
| 6 | മേലെ മൂക്കത്ത് കോളനി നടപ്പാത | 2 | ലിബിൻ ജോൺ | 160472 | 218731/30.11.20 |
| 7 | ഗോവിന്ദംപാറ കോളേരിമൂപ്പൻ കോളനി നടപ്പാത | 2 | ലിബിൻ ജോൺ | 105492 | 218731/30.11.20 |
| 8 | കുണ്ടിൽ നടപ്പാത നിർമ്മാണം | 2 | ലിബിൻ ജോൺ | 305710 | 243852/21.1.21 |
| 9 | കുണ്ടിൽ തോട് നടപ്പാലം | 2 | ലിബിൻ ജോൺ | 49802 | 515176/23.5.20 |
| 10 | പുലരി ബസ് സ്റ്റോപ്പ് മുതൽ വിട്ടിപ്പുര ലക്ഷ്മി ചെട്ടിയാരുടെ വീട്ടുവരെ | 3 | ബോസ് എൻ.സ് | 234711 | 241629/30.11.20 |
| 11 | മാമലകുന്ന് മുക്കംകുന്ന് റോഡ് കോൺക്രീറ്റ് | 3 | ബോസ് എൻ.സ് | 257554 | 243832/21.1.21 |

| | | | | | |
|---|---|---|---|---|---|
| 12 | നെടുമ്പാല ആശ്രുപത്രി മാറ്റം നടപ്പാത രണ്ടാം ഭാഗം | 4 | അനൂപ് കെ. | 216822 | 212819/30.11.20 |
| 13 | തുറയംകുന്ന് അമ്പലം നടപ്പാത നിർമ്മാണം | 4 | അനൂപ് കെ. | 175643 | 241680/21.1.21 |
| 14 | ജൈഹിന്ത് കൊല്ലിവയൽ നടപ്പാത | 4 | അനൂപ് കെ. | 229726 | 241650/30.11.20 |
| 15 | താളംകൊല്ലി - കുണ്ടുവയൽ നടപ്പാത കോൺക്രീറ്റ് | 4 | ജോർജ് കെ.വി. | 245971 | 241647/30.11.20 |
| 16 | പൂത്തകൊല്ലി എട്ടേക്ര റോഡ് | 5 | ജോർജ് കെ.വി. | 162464 | 334589/30.11.20 |
| 17 | പൂത്തകൊല്ലി അമ്പലം റോഡ് കോൺക്രീറ്റ് | 5 | ജോർജ് കെ.വി. | 181540 | 386536/3.8.20 |
| 18 | കോണാർക്കാട് അഷറഫ് വീടിന് സമീപം പാലം നിർമ്മാണം | 7 | സനോജ് കെ.പി. | 179743 | 376503/21.1.21 |
| 19 | സുബൈർ നടപ്പാത കോൺക്രീറ്റ് | 8 | ലിബിൻ ജോൺ | 170582 | 158123/30.11.20 |
| 20 | നെല്ലിമുണ്ട അമ്പലം റോഡ് കോൺക്രീറ്റ് | 8 | ഗിരീഷ് ബി | 222880 | 334610/30.1120 |
| 21 | ഉണ്ണിക്കുട്ടൻ വീടുമുതൽ റഷീദ് വീടുവരെ നടപ്പാത കോൺക്രീറ്റ് | 9 | ജോർജ് കെ.വി. | 64920 | 334604/21.1.21 |
| 22 | മോഹനൻ വീട് മുതൽ പ്രമീള വീട് വരെ നടപ്പാത കോൺക്രീറ്റ് | 9 | ജോർജ് കെ.വി. | 159606 | 334596/21.1.21 |
| 23 | കുമ്മട്ടിമൂല മുതൽ മൂസ ഹാജി വീട് വരെ നടപ്പാത കോൺക്രീറ്റ് | 9 | ജോർജ് കെ.വി. | 119664 | 334596/21.1.21 |
| 24 | പുത്തുമല സൂചിപ്പാറ കോയമൂല കോൺക്രീറ്റ് | 9 | സനോജ് കെ.പി. | 404758 | 241688/21.1.21 |
| 25 | പ്രശാന്തൻ വീട് മുതൽ സൈമൺ വീട് വരെ റോഡ് കോൺക്രീറ്റ് | 9 | ജോർജ് കെ.വി. | 228230 | 467677/23.5.20 |
| 26 | ഷൈലജയുടെ വീടിനു സമീപം നടപ്പാത | 12 | ജോർജ് കെ.വി. | 61565 | 334619/21.1.21 |
| 27 | അംബേദ്ക്കർ കോളനി കോൺക്രീറ്റ് | 12 | ജോർജ് കെ.വി. | 159605 | 218733/30.11.20 |
| 28 | അംബേദ്ക്കർ കോളനി രാജൻ വീടിന് സമീപം നടപ്പാത | 12 | ജോർജ് കെ.വി. | 109127 | 334619/21.1.21 |
| 29 | അത്തിച്ചോട് റോഡ് കോൺക്രീറ്റ് | 12 | ജോർജ് കെ.വി. | 246450 | 334628/21.1.21 |
| 30 | മെയിൻ റോഡിൽ നിന്നും ഖാദർ വീട് വരെ നടപ്പാത കോൺക്രീറ്റ് | 12 | ലിബിൻ ജോൺ | 134845 | 474406/23.5.20 |
| 31 | കുന്നമംഗലംവയൽ പള്ളി റോഡ് കോൺക്രീറ്റ് | 15 | സനോജ് കെ.പി. | 157659 | 19942/30.11.20 |
| 32 | മേലെ നടപ്പാത കോൺക്രീറ്റ് | 16 | ചന്ദ്രശേഖരൻ | 294131 | 607232/23.5.20 |
| 33 | ഒമ്പതേമുക്കാൽ നടപ്പാത കോൺക്രീറ്റ് | 16 | ലിബിൻ ജോൺ | 104208 | 218723/21.1.21<br>218736/21.1.21 |
| 34 | പക്കാളിപ്പള്ളം റോഡ് കോൺക്രീറ്റ് | 17 | അഷറഫ് എ. | 177479 | 17091/3.8.20 |
| 35 | പക്കാളിപ്പള്ളം ആനപ്പാറ റോഡ് കോൺക്രീറ്റ് | 17 | അഷറഫ് എ. | 271279 | 17091/30.11.20 |
| 36 | കൂട്ടമുണ്ട അതിരു മുതൽ 9 നമ്പർ റോഡ് കോൺക്രീറ്റ് | 18 | സനോജ് കെ.പി. | 178125 | 19957/21.1.21 |
| 37 | സീതാറാംവയൽ ബാബു വീടിന് സമീപം നടപ്പാത | 19 | ജോർജ് കെ.വി. | 167452 | 17092/3.8.20 |
| 38 | 20 സെന്റ് കോളനി റോഡ് കോൺക്രീറ്റ് | 20 | ജോർജ് കെ.വി. | 239075 | 334619/21.1.21 |
| 39 | പാലച്ചോട് നടപ്പത നിർമ്മാണം | 20 | ജോർജ് കെ.വി. | 69487 | 376310/30.11.20 |

| | | | | | |
|---|---|---|---|---|---|
| 40 | കുഞ്ഞുവർക്കി വീടിന് സമീപം നടപ്പാത | 20 | ജോർജ് കെ.വി. | 63811 | 376330/21.1.21 |
| 41 | വീട്ടിമറ്റം റോഡ് കോൺക്രീറ്റ് | 21 | സനോജ് കെ.പി. | 161925 | 218720/21.1.21 |
| 42 | കോട്ടത്തറവയൽ അനിൽകുമാർ വീട് വരെ റോഡ് കോൺക്രീറ്റ് | 21 | സനോജ് കെ.പി. | 140625 | 18813/30.11.20 |
| 43 | കോട്ടത്തറവയൽ ചെക്ക് ഡാം റോഡ് കോൺക്രീറ്റ് | 21 | സനോജ് കെ.പി. | 120064 | 205756/21/1/21 |
| 44 | വീട്ടിമറ്റം കോളനി റോഡ് കോൺക്രീറ്റ് | 21 | സനോജ് കെ.പി. | 234732 | 218735/21.1.21 |
| 45 | റാട്ടകൊല്ലി റോഡ് കോൺക്രീറ്റ് | 21 | സനോജ് കെ.പി. | 159606 | 218735/21.1.21 |
| 46 | കോട്ടവയൽ ബേസിൽ വീടിന് സമീപം റോഡ് കോൺക്രീറ്റ് | 22 | ദേവനസൻ | 255587 | 654308/21.1.21 |
| ആകെ ചെലവ് തുക | | | | 82,38,536 | |

താഴെ പറയുന്ന പ്രവൃത്തികളുടെ മെറ്റീരയൽ തുകയിൽ നിന്നും ജി.എസ് .ടി., ഫ്ലഡ് സെസ്സ് ഈടാക്കിയിട്ടുണ്ട് എന്നാൽ ആദായ നികുതി ഈടാക്കിയിട്ടില്ല. ഈടാക്കിയ ജി.എസ്.ടി.യും ഫ്ലഡ് സെസ്സും സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തികളുടെ പേര് | വാർഡ് നമ്പർ | കരാറുകാരൻ | സാധന സാമഗ്രികൾക്ക് അനുവദിച്ച തുക | എഫ്. ടി. ഒ. നമ്പറും തീയതിയും |
|---|---|---|---|---|---|
| 1 | പാത്രമാങ്ങ കോളനി റോഡ് കോൺക്രീറ്റ് | 3 | സനോജ് കെ.പി. | 410037 | 17093/3.8.20 |
| 2 | മേപ്പാടി വയൽ ഡ്രൈനേജ് | 6 | സനോജ് കെ.പി. | 230177 | 19934/23.5.20 |
| 3 | അഞ്ചാം നമ്പർ റോഡ് കോൺക്രീറ്റ് | 17 | ഹംസ കെ.വി. | 325623 | 17617/3.8.20 |
| 4 | കാപ്പംകൊല്ലി ഭൂപതി റോഡ് കോൺക്രീറ്റ് | 20 | ജോർജ് കെ.വി. | 299680 | 334572/30.11.20 |
| 5 | മേലെ മണ്ടകകുനി റോഡ് കോൺക്രീറ്റ് | 22 | സനോജ് കെ.പി. | 315373 | 18821/30.11.20 |
| 6 | കോട്ടവയൽ മണ്ടകകുനി റോഡ് കോൺക്രീറ്റ് പൂർത്തികരണം | 22 | സനോജ് കെ.പി. | 275929 | 18808/3.8.20 |
| ആകെ ചെലവ് തുക | | | | 18,56,819 | |

ഓഡിറ്റ് എൻക്വയറി നം. 25 /2020-21/ 30.09.2021 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ആസ്തി നിർമ്മാണ പ്രവൃത്തികളുടെ ആകെ ചെലവ് തുക ₹10095355/- (82,38,536 + 18,56,819) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ജി.എസ് .ടി., ആദായ നികുതി, ഫ്ലഡ് സെസ്സ് എന്നിവ ഈടാക്കാത്തതിനും ഈടാക്കിയ തുക അടവാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 എം.എൻ.ആർ.ജി.എസ്. - മെറ്റീരിയൽ വർക്കുകൾക്കുകളുടെ നിർവ്വഹണത്തിലെ ന്യൂനതകൾ

1. പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ലഭ്യമാക്കൽ

ഗ്രാമപഞ്ചായത്ത് 2020-21 വർഷത്തിൽ ₹1,07,33,000/- മെറ്റീരിയൽ വർക്കുകൾ നടപ്പിലാക്കിയിട്ടുണ്ട്. വ്യക്തിഗത ആസ്തികൾ അല്ലാത്ത പ്രവൃത്തികൾക്കുള്ള മെറ്റീരിയലുകൾ ടെണ്ടർ മുഖേനയാണ് സമാഹരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകളുടെ വാർഷിക ആവശ്യകത നിർണ്ണയിച്ച് ഒന്നിച്ച് വാങ്ങൽ നടത്തേണ്ടതിന് പകരം വാർഡ് തിരിച്ച് ടെണ്ടർ നടത്തിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. പ്രസ്തുത നടപടി സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. ആയതിന് പുറമേ ₹5 ലക്ഷം അധികരിക്കുന്ന വാങ്ങലുകൾ ഇ - ടെണ്ടർ മുഖേന നടത്തണമെന്ന സർക്കാർ ഉത്തരവും (സ.ഉ.(എം.എസ് )നം. 13/2015/ഐ.ടി.ഡി. 12.05.2015) പാലിക്കപ്പെട്ടിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പ്രവൃത്തികൾക്ക് സ്റ്റീൽ ഉപയോഗിച്ചു. എന്നാൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചല്ല അവ നടപ്പിലാക്കിയത്. സിമന്റ്, കല്ല്, മണൽ തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്ത കരാറുകാരന് തന്നെയാണ് സ്റ്റീലിന്റെ തുകയും നൽകി. അതിന് പുറമേ സൻടീസ് എന്ന പേരിലും മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകരന് തുക നൽകി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാരൻ | കരുകരന് നൽകിയ തുക | സ്റ്റീലിന്റെ തുക | സൻടീസ് തുക |
|---|---|---|---|---|---|
| 1 | മേപ്പാടി വയൽ ഡ്രൈനേജ് (MB No, 322/19-20, 335/19-20) | സനോജ് കെ. പി. | 230177 (FTO No. 19934 /23.5.20) | 121431 | 2202 |

| | | | | | |
|---|---|---|---|---|---|
| 2 | കോണാർക്കാട് അഷറഫ് വീടിന് സമീപം പാലം (MB No, 329/19-20, 338/19-20) | സനോജ് കെ. പി. | 83123 (FTO No. 26240/ 21.1.21) | 13718.75 | 770.27 |
| 3 | സുബൈർ നടപ്പാത കോൺക്രീറ്റ് (MB No, 315/19-20, 349/19-20) | ലിബിൻ ജോൺ | 170582 (FTO No. 158123/ 30.11.20) | 9607.5 | 1360.89 |
| 4 | നീലിക്കാപ്പ് പാലത്തിങ്കൽ സെറീനയുടെ വീടിന് സമീപം ഡ്രൈനേജ് നിർമ്മാണം (MB No, 318/18-19, 404/18-19) | കെ.വി. ജോർജ് | 201373/- (വൗച്ചർ നം. 21900711 / 4.10.19) | 20637 | 2467 |

2 വ്യക്തിഗത ആസ്തികളുടെ നിർമ്മാണം

എ) വ്യക്തിഗത ആസ്തികൾ നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾ നേരിട്ട് വാങ്ങിയ സാധന സാമഗ്രികളുടെ തുക ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. എന്നാൽ പല പ്രവൃത്തികളുടെയും മെറ്റീരയലുകൾ വാങ്ങുന്നതിന് ഗുണഭോക്താക്കൾ ചെലവഴിച്ച തുക നൽകിയിരിക്കുന്നത് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്കല്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഗുണഭോക്താവ് | തുക ലഭിച്ച വ്യക്തി | എഫ്.ടി.ഒ |
|---|---|---|---|---|
| 1 | തൊഴുത്ത് നിർമ്മാണം, വാർഡ് 19 | ബിജു ദാമോദരൻ | ജാനകി പി. | 628717/21.1.21 |
| 2 | തൊഴുത്ത് നിർമ്മാണം, വാർഡ് 3 | വസന്ത രവീന്ദ്രൻ | രാധ പി.വി. | 573759/21.1.21 |
| 3 | തൊഴുത്ത് നിർമ്മാണം, വാർഡ് 1 | രാധ | ബാലൻ | 376534/30.11.20 |

ബി) പല വ്യക്തിഗത ആസ്തിനിർമ്മാണ പ്രവൃത്തികളുടെയും നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷമുള്ള തീയതിയിലെ സാധന സാമഗ്രികളുടെ ബില്ലുകളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ തുക നൽകിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം. | ഗുണഭോക്താവ്, പ്രവൃത്തി | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | പ്രവൃത്തി പൂർത്തിയാക്കിയന് ശോഷമുള്ള തീയതിയിലുള്ള ബില്ലുകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | സോക്ക് പിറ്റ് നിർമ്മാണം, വാർഡ് 15 | 25.10.20, (എം ബുക്ക് നമ്പർ 206/20-21 പേജ് നം. 7) | 1)സിമന്റ് ,കമ്പി -ബിൽ തീയതി 24.11.20 (Sreehari Enterprises)<br>2)പി.വി.സി. പൈപ്പ് -ബിൽ തീയതി 24.11.20 (Paragon) |
| 2 | അസോള ടാങ്ക് നിർമ്മാണം, വാർഡ് 22 | 17.10.20, (എം ബുക്ക് നമ്പർ 210/20-21 പേജ് നം. 6) | 1)സിമന്റ് -ബിൽ തീയതി 2.11.20 (Sreehari Enterprises)<br>2) എം സാന്റ് -ബിൽ തീയതി 2.11.20 (BGT Crusher) |

സി) പല വ്യക്തിഗത ആസ്തിനിർമ്മാണ പ്രവൃത്തികളുടെയും സാധന സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ മറ്റ് വ്യക്തികളുടെ പേരിലുള്ളതാണ്. ഉദാഹരണം: തൊഴുത്ത് നിർമ്മാണം അബ്ദുൾ റഹിമാൻ - സാധന സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ റിയസ് കാഡൂർ, ബാപ്പു , റഫീക്ക്, അബ്ദുറഹിമാൻ, മൊയ്തീൻ എന്നിവരുടെ പേരിലുള്ളതാണ്.

3 മറ്റ് ന്യൂനതകൾ

1) വ്യക്തിഗത ആസ്തിനിർമ്മാണ പ്രവൃത്തികളുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയിരിക്കുന്ന റോഡ് പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാണോ എന്നത് സംബന്ധിച്ച് രേഖകൾ ഹാജരാക്കിയിട്ടില്ല.

3) പ്രവൃത്തിയുടെ ഫയലുകളിൽ എന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റില്ല, പേയ്മെന്റ് നടത്തിയതിന്റെ പൂർണവിവരങ്ങളില്ല. പ്രവൃത്തിയുടെ ഫോട്ടോ ഇല്ല.

4) ചില എം. ബുക്കിൽ അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പം തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ഉദാ:1)കൊല്ലി ഭൂപതി റോഡ് കോൺക്രീറ്റ്, വാർഡ് 20 (MB No. 297/19-20). 2) പക്കാളിപ്പള്ളം റോഡ് കോൺക്രീറ്റ്,വാർഡ് 17 (MB No. 300/19-20))

മേൽ പറഞ്ഞ ന്യൂനതകൾക്കിടയായ സാഹചര്യം വിവരിക്കുന്നതിനോടൊപ്പം മേലിൽ പിഴവുകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്ന് 30.09.2021 - ലെ ഓഡിറ്റ് എൻക്വയറി നമ്പർ- 18 /20-21 30.09.2021 ന് മറുപടിയായി സെക്രട്ടറി അറിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ ഭരണസമിതിയുടെയും ഭരണ വകുപ്പിന്റെയും ശ്രദ്ധയിൽ പെടുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 എം എൻ ആർ ജി എ - ആസ്തി നിർമ്മാണ പ്രവൃത്തികൾ -പ്രവൃത്തി പൂർത്തിയായതിന് ശേഷമുള്ള തീയതികളിലെ മസ്റ്റർ റോൾ പ്രകാരം ലേബർ വേജ് തുക അനുവദിച്ചു.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയതിന് ശേഷമുള്ള തീയതികളിലെ ലേബേഴ്സിന്റെ മസ്റ്റർ റോളുകൾ പ്രകാരം കൂലി നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തികളുടെ പേര് | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമുള്ള മസ്റ്റർ റോളിന്റെ വിശദാംശം | | | എഫ്. ടി. ഒ. നമ്പറും തീയതിയും |
|---|---|---|---|---|---|---|
| | | | മസ്റ്റർ റോൾ നമ്പർ | സ്റ്റർ റോളിൽ രേഖപ്പെടുത്തിയിട്ടുള്ള കാലയളവ് | കൂലി തുക | |
| 1 | ആട്ടിൻ കൂട് നിർമ്മാണം -റഷീദ് | 25.09.2020 (MB No. 182/20-21 Page No. 12) | 12033<br>12034 | 19.11.20-25.11.20<br>26.11.20-26.11.20 | 1776<br>296 | 506401/2.12.20<br>506401/2.12.20 |
| 2 | കാലിതൊഴുത്ത് നിർമ്മാണം - റുഖിയ ഹംസ | 6.11.20 (MB No. 101/20-21 Page No. 12) | 10562 | 6.11.20-8.11.20 | 1184 | 457212/16.11.20 |

| | | | | | | |
|---|---|---|---|---|---|---|
| 3 | തൊഴുത്ത് അസോള ടാങ്ക് നിർമ്മാണം - ഗോകുൽദാസ് കോട്ടയിൽ | 25.09.2020 (MB No. 174/20-21 Page No. 16) | 11081<br>11813 | 2.11.20-8.11.20<br>12.11.20-16.11.20 | 4736<br>1480 | 446684/11.11.20<br>461525/17.11.20 |
| 4 | ആട്ടിൻ കൂട് നിർമ്മാണം -ഹാരിസ് കോട്ടത്തറവയൽ | 14.12.20 (MB No. 170/20-21 Page No. 10) | 15427 | 1.2.21-2.2.21 | 5900 | 958483/30.3.21 |
| 5 | കാലിതൊഴുത്ത് നിർമ്മാണം - അജിത | 30.10.20 (MB No. 196/20-21 Page No. 3) | 13977<br>13980<br>13978 | 4.1.21-10.1.21<br>11.1.21-17.1.21<br>14.1.21-10.1.21 | 1776<br>1184<br>4750 | 679432/25.1.21<br>679432/25.1.21<br>811842/3.3.21 |
| 6 | ആട്ടിൻ കൂട് നിർമ്മാണം - ഇബ്രാഹിം പൂളപറമ്പിൽ | 25.9.20 (MB No. 189/20-21 Page No. 13) | 8406<br>12035<br>12036 | 21.9.20-27.9.20<br>19.11.20-25.11.20<br>26.11.20-2.12.20 | 1480<br>1776<br>888 | 337490/7.10.20<br>505682/2.12.20<br>51010/3.12.20 |
| 7 | പൂത്തമല സൂചിപ്പാറ കോയമൂല റോഡ് കോൺക്രീറ്റ് | 2.6.20 (MB No. 70/20-21 Page No. 7) | 4385 | 20.6.20-26.6.20 | 15096 | 141924/30.6.20 |
| 8 | പൂത്തകൊല്ലി എട്ടേക്ര റോഡ് | 18.2.20 (MB No. 295/19-20 Page No. 8) | 19227 | 2.3.20-3.3.20 | 2208<br>5520<br>7728 | 638192/10.3.20<br>638214/10.3.20 |
| 9 | മേലെ 22 നടപ്പാത കോൺക്രീറ്റ് | 24.12.19 (MB No. 262/19-20 Page No. 6) | 15888 | 26.12.19-1.1.20 | 1656 | 485812/10.1.20 |
| 10 | കാപ്പകൊല്ലി ഭൂപതി റോഡ് കോൺക്രീറ്റ് | 29.2.20 (MB No. 297/19-20 Page No. 11) | 19228 | 2.3.20-3.3.20 | 552<br>552<br>5520<br>6624 | 638234/10.3.20<br>638214/10.3.20<br>638192/10.3.20 |
| ആകെ തുക | | | | ₹58330 | | |

വ്യക്തിഗത ആസ്തികൾക്ക് നിർമ്മാണ പ്രവൃത്തികൾക്ക് മുൻകൂറായി മസ്റ്റർ റോൾ നൽകുമ്പോൾ മെഷമെന്റ് പ്രകാരം വരേണ്ടതിലും അധിക മനുഷ്യ ദിനങ്ങൾ ഹാജർ പ്രകാരം വരുന്ന അവസ്ഥ ഉണ്ടാകുന്നതുകൊണ്ട് ആയത് ഒഴിവാക്കുന്നതിനായ് മെഷമെന്റ് നടത്തിയതിന് ശേഷം അളവിന്റെ അടിസ്ഥാനത്തിലുള്ള ലേബർ പ്രകാരം മസ്റ്റർ റോളിൽ ഒപ്പിടാൻ അനുവദിച്ചതിനാലാണ് മേൽ പറഞ്ഞ ന്യൂനതയ്ക്ക് ഇടയായത് എന്നാണ് 30.09.2021 -ലെ ഓഡിറ്റ് എൻക്വയറി നം. 16 /2020-21 -ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം- അപാകതകൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ക്ഷീര കർഷകർക്ക് പ്രതിമാസം 100കി.ഗ്രാം തോതിൽ കാലിത്തീറ്റ വിതരണം ചെയ്യാവുന്നതാണ്.പൊതുവിഭാഗത്തിന് 50% സബ്സിഡിയും, പട്ടികജാതി വിഭാഗത്തിന് 75% സബ്സിഡിയും, പട്ടികവർഗ്ഗ വിഭാഗത്തിന് 100% സബ്സിഡിയും നൽകാവുന്നതാണ്. തൻവർഷം നടപ്പാക്കിയ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണ പദ്ധതിയിലെ പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

### 1-31-1 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ജനറൽ

തൻവർഷത്തിൽ ജനറൽ വിഭാഗത്തിൽപെട്ട ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിക്ക് ആകെ ₹49,99,340/-( പ്ലാൻ ഫണ്ട്- 20,00,000+ ഗുണഭോക്തൃവിഹിതം- ₹29,99,340/- ) വകയിരുത്തി.പ്ലാൻ ഫണ്ടിൽ നിന്നും ₹20,00,000/- വും, ഗുണഭോക്തൃവിഹിതം ₹12,01,830/- ഉൾപ്പെടെ തൻവർഷം ₹32,01,830/-ചെലവഴിച്ചു. പദ്ധതിക്ക് ആകെ ₹47,19,110/- യുടെ കാലിത്തീറ്റ വാങ്ങിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് | തീയതി | ബാഗ് | തുക |
|---|---|---|---|---|
| 1 | KFLP1-20-21-029674 | 30/10/20 | 354 | 430110 |
| 2 | " - 029556 | 2/11/20 | 396 | 481140 |
| 3 | " -034637 | 4/12/20 | 246 | 292740 |
| 4 | " -034981 | 7/12/20 | 76 | 90440 |
| 5 | " -034561 | 4/12/20 | 320 | 380800 |
| 6 | " - 039610 | 6/1/21 | 300 | 357000 |
| 7 | " - 039823 | 7/1/21 | 260 | 309400 |
| 8 | " - 040066 | 8/1/21 | 60 | 71400 |
| 9 | " -043122 | 30/1/21 | 124 | 143840 |
| 10 | " - 042985 | 29/1/21 | 56 | 64960 |
| 11 | " - 042899 | 29/1/21 | 220 | 255200 |
| | | | | |

| | | | | |
|---|---|---|---|---|
| 12 | " - 042984 | 29/1/21 | 280 | 324800 |
| 13 | " - 046886 | 22/2/21 | 100 | 116000 |
| 14 | " - 046898 | 22/2/21 | 74 | 85840 |
| 15 | " -046809 | 22/2/21 | 240 | 278400 |
| 16 | " -046897 | 22/2/21 | 134 | 155440 |
| 17 | " -047027 | 23/2/21 | 100 | 116000 |
| 18 | " -050153 | 16/3/21 | 260 | 301600 |
| 19 | " -050315 | 16/3/21 | 154 | 178640 |
| | " -050314 | 16/3/21 | 146 | 169360 |
| | " -050016 | 15/3/21 | 100 | 116000 |
| | | ആകെ | 4000 | 47,19,110 |

## <u>1-31-2 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം- പട്ടികജാതി</u>

തൻവർഷത്തിൽ പട്ടികജാതിപെട്ട ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിക്ക് ആകെ ₹5,06,000/-( പ്ലാൻ ഫണ്ട്- 3,00,00+ ഗുണഭോക്തൃവിഹിതം- ₹2,06,000/- ) വകയിരുത്തി.പ്ലാൻ ഫണ്ടിൽ നിന്നും ₹1,27,090/- വും, ഗുണഭോക്തൃവിഹിതവും ₹43,910/- ചെലവഴിച്ചു. പദ്ധതിക്ക് കാലിത്തീറ്റ വാങ്ങിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് | തീയതി | ബാഗ് | തുക |
|---|---|---|---|---|
| 1 | KFLP1-20-21-029675 | 3/11/20 | 38 | 46170 |
| 2 | " - 034638 | 4/12/20 | 34 | 40460 |
| 3 | " -039821 | 7/1/21 | 34 | 40460 |
| 4 | " -046884 | 22/2/21 | 38 | 44080 |
| 5 | " -050017 | 15/3/21 | 40 | 46400 |
| 6 | " -042982 | 29/01/21 | 44 | 51040 |
| | | | 228 | 2,68,610 |

## <u>1-31-3 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം- പട്ടികവർഗ്ഗം</u>

തൻവർഷത്തിൽ പട്ടികവർഗ്ഗത്തിൽപെട്ട ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിക്ക് ആകെ ₹9,00,000/-( പ്ലാൻ ഫണ്ട്) വകയിരുത്തി. ₹8,06,450/-ചെലവഴിച്ചു. പദ്ധതിക്ക് കാലിത്തീറ്റ വാങ്ങിയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് | തീയതി | ബാഗ് | തുക |
|---|---|---|---|---|
| 1 | KFLP1-20-21-030039 | 30/10/20 | 110 | 133650 |
| 2 | " -034639 | 2/11/20 | 120 | 142800 |
| 3 | " -039822 | 7/01/21 | 112 | 133280 |
| 4 | " -042983 | 29/1/21 | 120 | 139200 |
| 5 | " -046885 | 22/2/21 | 108 | 125280 |
| 6 | " -050018 | 15/3/21 | 104 | 132240 |
| | | | 674 | 8,06,450 |

മേൽ പാരാമർശിച്ച പദ്ധതികളുടെ നടത്തിപ്പിലെ പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

1)കാലിത്തീറ്റ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2)കാലിത്തീറ്റ വിതരണ രജിസ്റ്റർ/സ്റ്റേറ്റ്മെന്റ് സൂക്ഷിക്കുന്നില്ല.ഒരോ മാസവും ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും, ഗുണഭോക്തൃവിഹിതം ഒടുക്കിയവർക്ക് തന്നെയാണോ കാലിത്തീറ്റ വിതരണം നടത്തിയത്,ഒരോ ഗുണഭോക്താക്കൾക്കും വിതരണം ചെയ്ത കാലിത്തീറ്റയുടെ അളവ് ഉടങ്ങിയ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

3) പദ്ധതികൾക്കായി ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും, ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ പൂർണ്ണമല്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 2021-22 വർഷത്തിൽ സ്പിൽ ഓവറായി പദ്ധതി നടത്തുന്നുണ്ടെന്നും പദ്ധതി ഫയലുകൾ കൃത്യമാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## <u>1-32 ലോൺ തിരിച്ചടവ് -അപാകതകൾ</u>

സമ്പൂർണ്ണ ഭവന പദ്ധതിക്ക് യഥാക്രമം 3,00,00,000/- യും, 1,90,17,500/- രൂപ വായ്പയെടുത്തിട്ടുണ്ട് ( ആകെ 4,90,17,500).12.5% പലിശയ്ക്കാണ് വായ്പയെടുത്തിട്ടുള്ളത്.2014-15 മുതൽ വായ്പ തിരിച്ചടവ് ആരംഭിച്ചിട്ടുണ്ട്. വായ്പ രജിസ്റ്ററിൽ നിന്നും ലഭ്യമായ തിരിച്ചടവിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | വർഷം | പദ്ധതി വിഹിതം | തനത്ഫണ്ട് | സി.എഫ്.സി |
|---|---|---|---|---|
| 1 | 2014-15 | 16,23,000 | 15,00,000 | |
| 2 | 2015 -16 | | 8,00,000 | 40,00,000 |
| 3 | 2016-17 | 33,01,700 | 59,32,600 | |
| 4 | 2017-18 | 70,00,000 | 40,00,000 | |
| 5 | 2018-19 | 70,00,000 | - | |
| 6 | 2019-20 | 49,19,640<br>6,75,000 | 80,360<br>70,00,000 | |
| 7 | 2020-21 | 61,75,300 | | |
| | | 2,57,75,000 | 19232600 | 4000000 |

വായ്പയുടെ മുതൽ പ്ലാൻഫണ്ടിൽ നിന്നും, പലിശ തനതുഫണ്ടിൽ നിന്നുമാണ് അടവാക്കേണ്ടത്. 2020-21 വരെ മുതലിനത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും ₹2,97,75,000 (2,57,75,000+40,00,000) അടവാക്കിയിട്ടുണ്ട്. അടവാക്കാൻ അവശേഷിക്കുന്ന മുതൽ₹4,90,17,500-₹2,97,75,000= ₹1,92,42,500. തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയിൽ വാർഷിക കണക്കും , രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. 2020-21 വാർഷിക ധനകാര്യപത്രിക പ്രകാരം(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4) അടവാക്കാനാവശേഷിക്കുന്ന തുക ₹2,58,27,355 യാണ്. വായ്പ രജിസ്റ്ററിലെ നീക്കിബാക്കിയേക്കാൾ ₹65,84,855/-രൂപ കൂടുതൽ വാർഷിക കണക്കിൽ നീക്കിബാക്കിയുണ്ട്. .മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. മറുപടി നൽകേണ്ടതാണ്.

## 1-33 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചുവരുന്നുണ്ട്.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | ബാങ്ക് | 31.03.2021 -ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 69020100003562 | ബാങ്ക് ഓഫ് ബറോഡ, മേപ്പാടി ശാഖ | ₹40906/- |
| 2 | അസി. സെക്രട്ടറി | 3527075433 | സെൻട്രൽ ബാങ്ക്,<br>മേപ്പാടി ശാഖ | ₹222955/- |
| 3 | വി.ഇ.ഒ | 230053000014414 | സൗത്ത് ഇന്ത്യൻ ബാങ്ക്,<br>മേപ്പാടി ശാഖ | ₹248011/- |
| 4 | ഹെഡ് മാസ്റ്റർ | 2154117930 | സെൻട്രൽ ബാങ്ക്,<br>മേപ്പാടി ശാഖ | ₹19553/- |
| 5 | അസി. എഞ്ചിനിയർ | 2154098438 | സെൻട്രൽ ബാങ്ക്,<br>മേപ്പാടി ശാഖ | ₹1025937/- |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നിർവ്വഹണ ഉദ്യോഗസ്ഥർ വൈത്തിരി സബ് ട്രഷറി മുഖേനയാണ് പിൻവലിക്കുന്നത്. നിലവിൽ ഇത് ബാങ്കിംഗ് ട്രഷറിയായതിനാൽ ബാങ്ക് അക്കൗണ്ടിന്റെ ആവശ്യമുള്ളതായി കാണുന്നില്ല.

മേൽപറഞ്ഞ ബാങ്ക് അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി നം. 17/2020-21/ 30.09.2021 ന് മറുപടി നൽകിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2020-21 | 2000000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2000000 | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 8000000 | ലൈഫ് ഭവന പദ്ധതി ജനറല | 6890000 | 1110000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4000000 | ലൈഫ് ഭവന പദ്ധതി ജനറല | 2500000 | 1500000 |
| ജില്ല പഞ്ചായത്ത് | 2020-21 | 500000 | നെൽകൃഷി പ്രോത്സാഹനം | 17555 | 482445 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 215000 | നെൽകൃഷി പ്രോത്സാഹനം | 215000 | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 10000 | വിശപ്പ് രഹിത കേരളം | 0 | 10000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 20000 | വിശപ്പ് രഹിത കേരളം | 0 | 20000 |
| ജില്ല പഞ്ചായത്ത് | 2020-21 | 640774 | ലൈഫ് ഭവന പദ്ധതി ടി എസ് പി | 0 | 640774 |
| ജില്ല പഞ്ചായത്ത് | 2020-21 | 515193 | ലൈഫ് ഭവന പദ്ധതി എസ് സി പി | 100000 | 415193 |
| ജില്ല പഞ്ചായത്ത് | 2020-21 | 36000 | ബയോ ഫ്ലേക്ക് കൃഷി | 0 | 36000 |
| ജില്ല പഞ്ചായത്ത് | 2020-21 | 164000 | വീട്ടുവളപ്പിലെ മൽസ്യ കൃഷി | 263076 | 164000 |
| ജില്ല പഞ്ചായത്ത് | 2020-21 | 1000000 | ലൈഫ് ഭവന പദ്ധതി അധിക വിഹിതം എസ് റ്റി | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1000000 | ലൈഫ് ഭവന പദ്ധതി അധിക വിഹിതം എസ് സി | 0 | 1000000 |
| ജില്ല പഞ്ചായത്ത് | 2020-21 | 1000000 | ലൈഫ് ഭവന പദ്ധതി അധിക വിഹിതം എസ് റ്റി | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1000000 | ലൈഫ് ഭവന പദ്ധതി അധിക വിഹിതം എസ് റ്റി | 0 | 1000000 |
| മൂപ്പൈനാട്, വൈത്തിരി പഞ്ചായത്ത് | 2020-21 | 5000000 | സംയുക്ത കുടിവെള്ള പദ്ധതി | 2500000 | 2500000 |

സെക്രട്ടറി ലഭ്യമാക്കിയ വിവരമാണ് മുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| അനർട്ട് | സോളാർ ഓഫ് ഗ്രിഡ് പവർ പ്ലാന്റ് | 596887 | 596887 | 0 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം

₹2,58,27,355/- യും ലൈഫ് ഭവന പദ്ധതി പ്രകാരം ₹5,88,72,235/-യും ഗ്രാമപഞ്ചായത്തിന് ബാധ്യയുണ്ട്. ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഈടാക്കിയ തുക | ഉത്തരവാദിയായ ആൾ | രസീറ്റ് നം തീയതി |
|---|---|---|---|---|
| 2013-14 | 3-1 | 37196 | രാധാ രാമസ്വാമി, ഗ്രാമ പഞ്ചായത്ത് മെമ്പർ | 120040102295/17.11.2020 |
| 2013-14 | 3-1 | 37196 | ബിന്ദു ജയൻ,ഗ്രാമ പഞ്ചായത്ത് മെമ്പർ | 120040102299/18.11.2020 |
| 2013-14 | 3-1 | 37196 | സഹദേവൻ,ഗ്രാമ പഞ്ചായത്ത് മെമ്പർ | 120040102421/19.11.2020 |
| 2013-14 | 3-1 | 37196 | ഷീബ ഭരതൻ,ഗ്രാമ പഞ്ചായത്ത് മെമ്പർ | 120040102434/19.11.2020 |
| 2013-14 | 3-1 | 37196 | ഗോകുൽദാസ് കോട്ടയിൽഗ്രാമ പഞ്ചായത്ത് മെമ്പർ | 120040102440/20.112020 |
| 2013-14 | 3-1 | 37196 | രാംകമാർ,ഗ്രാമ പഞ്ചായത്ത് മെമ്പർ | 120040102442/20.112020 |
| | | | | |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-4 | 2006-07 | 3.91.1 | ടാർ വാങ്ങിയത് രേഖകൾ ഹാജരാക്കിയിട്ടില്ല | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2001-02 | 3-5 | 2006-07 | 3.91.2 | ജെ.ആർ.വൈ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | മറുപടി സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ പരിഗണനയിൽ |
| 2002-03 | 2-2 | 2006-07 | 3.91.3 | കെട്ടിടങ്ങളുടെ വാടക ഈടാക്കാത്തത് സംബന്ധിച്ച് | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2002-03 | 3-10 | 2006-07 | 3.91.4 | വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദനീയമല്ലാത്ത രീതിയിൽ ധനസഹായം നൽകി | മറുപടി സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ പരിഗണനയിൽ |
| 2010-11 | 3-11 | 2012-13 | 4.8.1 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് വാങ്ങിയ 31.32 ലക്ഷത്തിന്റെ സിമന്റ് പൈപ്പുകൾ | -- |

| | | | | | |
|---|---|---|---|---|---|
| | | | | ഉപയോഗിക്കുന്നില്ല. | |
| 2014-15 | 2-2 | 2016-17 | 2.1 | തൊഴിൽ നികുതി അപാകതകൾ | -- |
| 2014-15 | 2-൩ | 2016-17 | 2.൨ | തൊഴിൽ നികുതി അപാകതകൾ | -- |
| 2017-18 | 3-11 | 2018-19 | 1.1.2 | ലൈഫ് മിഷൻ ഭവന നിർമ്മാണ പൂർത്തീകരണ പദ്ധതി (പട്ടിക വർഗ്ഗ വിഭാഗം) പദ്ധതി വിഹിതം പാഴാക്കി. | -- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹272450742/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹304930736/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3352 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 3470 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 11855708 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

ഇല്ല

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| 1-27 | 3470 | | വർക്കി പി.എൽ സെക്രട്ടറി ഇൻ ചാർജ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 918482 | സലീം പാഷ,സെക്രട്ടറി ഇൻ ചാർജ് |
| 1-15 | 37925 | ശ്രീകണ്ഠൻ പി കെ, അസിസ്റ്റന്റ് എൻജിനിയർ |
| 1-20 | 34458 | ശ്രീകണ്ഠൻ പി കെ, അസിസ്റ്റന്റ് എൻജിനിയർ |
| 1-21 | 52396 | ശ്രീകണ്ഠൻ പി കെ, അസിസ്റ്റന്റ് എൻജിനിയർ |
| 1-22 | 717092 | ശ്രീകണ്ഠൻ പി കെ, അസിസ്റ്റന്റ് എൻജിനിയർ |
| 1-28 | 10095355 | സെക്രട്ടറി |
| | | 9035962 രമേശ് കെ.വി, സെക്രട്ടറി |
| | | 1059393 ടി.ഡി. ജോണി, സെക്രട്ടറി |
| | | |
| | | |
| | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1994-95 | എൽ.എഫ്(ഡബ്ല്യൂ)പി5 -549/14 തിയ്യതി 19.02.2015 |
| 1995-96 | എൽ.എഫ്(ഡബ്ല്യൂ)പി3-115/03 തിയ്യതി 05.07.2003 |
| 1996-97 | എൽ.എഫ്(ഡബ്ല്യൂ)പി3-124/01 തിയ്യതി 28.02.2001 |
| 1997-98 | എൽ.എഫ്(ഡബ്ല്യൂ)പി2-657/10 തിയ്യതി 16.02.2005 |
| 1998-99 | എൽ.എഫ്(ഡബ്ല്യൂ)പി3-592/01 തിയ്യതി 12.07.2002 |

| | |
|---|---|
| 1999-2000 | എൽ.എഫ്(ഡബ്ല്യൂ)പി3-63/02 തിയ്യതി 29.07.2012 |
| 2000-01 | എൽ.എഫ്(ഡബ്ല്യൂ)പി3-484/03 തിയ്യതി 06.02.2006 |
| 2001-02 (പ്ലാൻ) | എൽ.എഫ്(ഡബ്ല്യൂ)പി3-558/03 തിയ്യതി 10.05.2005 |
| 2001-02 (ഫുൾ) | എൽ.എഫ്(ഡബ്ല്യൂ)പി1-380/05 തിയ്യതി 26.02.2008 |
| 2002-03 | എൽ.എഫ്(ഡബ്ല്യൂ)പി1-192/06 തിയ്യതി 08.01.2008 |
| 2003-04 | എൽ.എഫ്(ഡബ്ല്യൂ)പി1-986/08 തിയ്യതി 08.04.2009 |
| 2004-05 | എൽ.എഫ്(ഡബ്ല്യൂ)പി1-997/08 തിയ്യതി 12.04.2003 |
| 2005-06 | എൽ.എഫ്(ഡബ്ല്യൂ)പി1-996/08 തിയ്യതി 02.04.2009 |
| 2006-07 | എൽ.എഫ്(ഡബ്ല്യൂ)പി1-880/11 തിയ്യതി 29.12.2011 |
| 2007-08 | എൽ.എഫ്(ഡബ്ല്യൂ)പി1-744/10(1) തിയ്യതി 28.03.2013 |
| 2008-09 | എൽ.എഫ്(ഡബ്ല്യൂ)പി1-843/13 തിയ്യതി 03.04.2014 |
| 2009-10 | എൽ.എഫ്(ഡബ്ല്യൂ)പി1-743/13 തിയ്യതി 27.05.2014 |
| 2010-11 | എൽ.എഫ്(ഡബ്ല്യൂ)പി1-744/12 തിയ്യതി 01.04.2014 |
| 2011-12 | എൽ.എഫ് .(ഡബ്ല്യൂ.)പി1-297/14 തിയ്യതി 18.07.2014 |
| 2012-13 | എൽ.എഫ്(ഡബ്ല്യൂ)പി4-212/15 തിയ്യതി 29.05.2015 |
| 2013-14 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി4-78/16 തിയ്യതി 30.03.2016 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-493/16 തീയ്യതി 30.07.2016 |
| 2015-16 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-754/16 തീയ്യതി 11/11/2016 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-603/17തീയ്യതി 19/10/2017 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4-48/19 തീയ്യതി 19/02/2019 |
| 2018-19 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി പി4- /20 തീയ്യതി /03/2020 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്